**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്
(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**
**(Presented on 24th August, 2020)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

(2020 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

674/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 35 |

# സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ.കെ. വിജയൻ

*ശ്രീ. ടി. ജെ. വിനോദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി.ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ , ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എസ്. ശബരീനാഥൻ രാജി വച്ചതിനെ തുടർന്ന് ശ്രീ. ടി. ജെ. വിനോദിനെ 4-11-2019-ലെ 768-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം സബ്ജക്ട് കമ്മിറ്റി IX-ലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 1-4-2019 മുതൽ 31-3-2020 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019-2021 കാലയളവിലേയ്ക്കുള്ള സമിതി രൂപീകരണം 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2019 ജനുവരി 7-ാം തീയതി ചെയർമാൻ ഉൾപ്പെടെ ആകെ 11 അംഗങ്ങളോടെയാണ് നിലവിൽ വന്നത്.

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2019-20 കാലയളവിൽ സമിതി ആകെ 14 യോഗങ്ങൾ ചേർന്നു. ഇതിൽ 26-4-2019-ലെ യോഗം 2014-15, 2015-16, 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും 15-5-2019-ലെ യോഗം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളായ PMAY (ഗ്രാമീൺ) PMGSY എന്നിവ സംബന്ധിച്ച് ചർച്ച നടത്തുകയും തുടർന്ന് സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലന്യങ്ങളും മാലിന്യ പ്രശ്ന നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച വിഷയവും സമിതി പരിഗണിക്കുകയുണ്ടായി.

27-6-2019-ലെ യോഗം 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട്ടും 2016-17, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുകയുണ്ടായി.

The Kerala Finance Bill 2019-ന്റെ ഭാഗമായുള്ള 1961-ലെ കേരള തദ്ദേശാധികാര സ്ഥാപന വിനോദ നികുതി ആക്റ്റ് (1961-ലെ 20) 28-6-2019-ലെ സംയുക്ത യോഗത്തിൽ ചർച്ച ചെയ്യുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയുടെ 25-9-2019-ലെ യോഗത്തിൽ ചട്ടം 235(എ) പ്രകാരം ലൈഫ് പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച

ചെയ്യുകയും കൂടാതെ കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ബഹു. സ്പീക്കർ പുറപ്പെടുവിച്ച റൂളിംഗിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരായുകയും, 1-10-2019-ലെ യോഗം 2015-16, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും, 29-10-2019-ലെ യോഗം സമിതി 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണിക്കുകയും; 5-11-2019-ലെ യോഗം 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണിക്കുകയും; 11-11-2019-ലെ യോഗം 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണിക്കുകയും 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിന്മേലുള്ള കരട് ചട്ടം പരിഗണിക്കുകയും 22-1-2020-ലെ യോഗം 2019-ലെ കേരള നഗര-ഗ്രാമാസൂത്രണ വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും ചട്ടങ്ങൾ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2019-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഭേദഗതി ചട്ടങ്ങൾ എന്നീ കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും, എസ്.ആർ.ഒ. നമ്പർ 674/2017, എസ്.ആർ.ഒ. നമ്പർ 675/17, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സാധൂകരണം നടത്തുകയും 2018-19-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള സ്റ്റേറ്റ്മെന്റുകൾ, മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകൾ എന്നിവ പരിഗണിക്കുകയും പെന്റിംഗ് ലിസ്റ്റ് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും 6-2-2020-ലെ യോഗം 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും 17-2-2020, 19-2-2020, 26-2-2020 എന്നീ തീയതികളിലെ യോഗങ്ങൾ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും കരട് റിപ്പോർട്ട് പരിശോധനയ്ക്കായും ചേർന്നു. സമിതി യോഗങ്ങളിലെ ശരാശരി ഹാജർ നില 65 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് VII അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI(എ)-ൽ 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ

ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഉൾപ്പെടുന്നു. അദ്ധ്യായം VI(ബി)-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും വിശദാംശങ്ങളും ചേർത്തിരിക്കുന്നു. അദ്ധ്യായം VII-ൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ആഗസ്റ്റ് മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി *IX*.

തിരുവനന്തപുരം,
2020 ആഗസ്റ്റ് 19.

# റിപ്പോർട്ട്

## അദ്ധ്യായം I

**സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ**

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 13-3-2019-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 27-6-2019-ലെ സമിതി യോഗം അംഗീകരിക്കുകയും 1-7-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 27-6-2019-ൽ ചേർന്ന യോഗം അംഗീകരിക്കുകയും 1-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-10-2019-ലെ യോഗം പരിഗണിക്കുകയും 2019 നവംബർ 6-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-11-2019-ലെ യോഗം പരിഗണിക്കുകയും 7-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-11-2019-ലെ യോഗം പരിഗണിക്കുകയും 13-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

7. 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-2-2020-ലെ യോഗം പരിഗണിക്കുകയും 7-2-2020-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

8. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-2-2020-ലെ യോഗം പരിഗണിക്കുകയും 7-2-2020-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

9. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 26-2-2020-ലെ യോഗം പരിഗണിക്കുകയും 2-3-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

674/2020.

## അദ്ധ്യായം II

### സമിതി പരിഗണിച്ച ബില്ലുകൾ

1. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 29-10-2019-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 5-11-2019-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ 11-11-2019-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

4. 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 6-2-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

5. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 6-2-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം - III

### പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

I കരട് ചട്ടങ്ങൾ

(1) 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിന്മേലുള്ള കരട് ചട്ടം 11-11-2019-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(2) 2019-ലെ കേരള നഗര-ഗ്രാമാസൂത്രണ വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും ചട്ടങ്ങൾ 22-1-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(3) 2019-ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 22-1-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(4) 2019-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഭേദഗതി ചട്ടങ്ങൾ 22-1-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ കരട് ചട്ടം ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 27-6-2019-ലെ യോഗത്തിൽ തെളിവെടുപ്പ് നടത്തി.

II എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ

(1) 2017-ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 674/2017) സമിതിയുടെ 22-1-2020-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

(2) 2017-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 675/2017) സമിതിയുടെ 22-1-2020-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

## അദ്ധ്യായം - IV

## നിയമസഭാചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (PMAY) പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന (PMGSY) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചും 15-5-2019-ലെ യോഗം അവലോകനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2. ലൈഫ് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് 25-9-2019-ലെ യോഗം അവലോകനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXI—ഭവനനിർമ്മാണം | 2018-19 | 136/ബി1/2019/പ്ലാനിംഗ്, തീയതി 10-5-2019 | 26-6-2019 |
| 2 | XXII—നഗരവികസനം | 2017-18 | 43/എഫ്-എം.2/2018/ തസ്വഭവ., തീയതി 8-5-2019 | 26-6-2019 |

| | | | | |
|---|---|---|---|---|
| 3 | XXXV—പഞ്ചായത്ത് | 2017-18 | 43/എഫ്-എം.2/2018/ തസ്വഭവ., തീയതി 8-5-2019 | 26-6-2019 |
| 4 | XXXVI—ഗ്രാമവികസനം | 2016-17 | 97/എഫ്.എം.2/2017/ തസ്വഭവ., തീയതി 10-4-2019 | 26-6-2019 |
| 5 | XXII—നഗരവികസനം | 2016-17 | 97/എഫ്.എം.2/2017/ തസ്വഭവ., തീയതി 29-4-2019 | 26-6-2019 |
| 6 | XXI—ഭവനനിർമ്മാണം | 2017-18 | 131/പാർല/18/ഭവനം, തീയതി 1-3-2019 | 26-6-2019 |
| 7 | XXI—ഭവനനിർമ്മാണം | 2016-17 | SW3/23/2019/സൈ. ക്ഷേ.വ., തീയതി 19-10-2019 | 13-11-2019 |
| 8 | XXI—ഭവനനിർമ്മാണം | 2017-18 | ഇ 4/219/2019/ആഭ്യന്തരം, തീയതി 19-10-2019 | 13-11-2019 |
| 9 | XXXVI—ഗ്രാമവികസനം | 2017-18 | 43/എഫ്-എം.2/2018/ തസ്വഭവ., തീയതി 9-8-2019 | 13-11-2019 |
| 10 | XXV—പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 | എം.ഡബ്ല്യു1/13/2019/ പൊ.ഭ.വ., തീയതി 22-7-2019 | 13-11-2019 |
| 11 | XXI—ഭവനനിർമ്മാണം | 2016-17 | ഇ 4/165/2019/ആഭ്യന്തരം, തീയതി 19-11-2019 | 6-2-2020 |
| 12 | XXI—ഭവനനിർമ്മാണം | 2016-17 | ഇ 3/210/2019/പൊ.മ.വ. തീയതി 28-11-2019 | 6-2-2020 |
| 13 | XXI—ഭവനനിർമ്മാണം | 2017-18 | ഇ 3/250/2019/പൊ.മ.വ., തീയതി 11-11-2019 | 6-2-2020 |

## അദ്ധ്യായം - VI

**(എ) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 60 | 3, 8, 10 | 1, 2, 4, 5, 7, 6, 9, 11, 12-60 | 57 |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും വിശദാംശങ്ങൾ**

മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രികകൾ ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2216-03-104-99(01)—<u>സർക്കാർ ജീവനക്കാർക്ക് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി</u>

സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം കുറയ്ക്കുന്ന പദ്ധതിക്കായി മേൽപ്പറഞ്ഞ ശീർഷകം പുനഃസ്ഥാപിച്ച് 50,989.21 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതി കാരണം 2014-2015-ൽ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 441/എ 2/18/സഹ., തീയതി 9-1-2019)

ശിപാർശ

4216-80-195-99—ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

(05) പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം അംശദാനം

പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് ആവശ്യമായ ഓഹരി മൂലധനത്തിനായി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണം 2014-2015 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നില്ല. ഓഹരി മൂലധന ഇനത്തിൽ 2019-2020 സാമ്പത്തിക വർഷം തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 441/എ 2/18/സഹ., തീയതി 9-1-2019)

ശിപാർശ

06—കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുള്ള ഓഹരി മൂലധനമായി 50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2014-2015 സാമ്പത്തിക വർഷം മുതൽ മൂലധന ഇനത്തിൽ 410 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 441/എ 2/18/സഹ., തീയതി 9-1-2019)

ശിപാർശ

**പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരക രോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും തികച്ചും നിരാലംബരുടെയും ഭവന വായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി.**

ഭവന വായ്പയെടുത്തിട്ട് മരണമോ മാരകരോഗങ്ങളോ ബാധിച്ചവരുടെ ഭവനം (കിടപ്പാടം) നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരക രോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുമായ തികച്ചും നിരാലംബരായവരുടെയും ഭവന വായ്പയിനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി നിർദ്ദേശം 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 441/എ 2/18/സഹ., തീയതി 9-1-2019)

ശിപാർശ

**ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം**

വായ്പത്തുക അടച്ചു തീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത ഗുണഭോക്താക്കളുടെ പ്രമാണം തിരികെ നൽകുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ ടി ആവശ്യത്തിനായി തുക അനുവദിച്ചിരുന്നില്ല. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ 6425-108-18(loan) എന്ന ശീർഷകത്തിൽ ആകെ 857.00 ലക്ഷം രൂപ പലിശ രഹിത വായ്പയായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രമാണങ്ങൾ തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 441/എ 2/18/സഹ., തീയതി 9-1-2019)

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം

വായ്പാതുക അടച്ചുതീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്തവർക്ക് പ്രമാണം തിരികെ നൽകുന്നതിലേക്കായി 7,50,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത വായ്പ തിരികെ അടച്ചുതീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്തവർക്ക് പ്രമാണം തിരികെ നൽകുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട്, വായ്പക്കാരുടെ പ്രമാണം തിരികെ നൽകുന്നതിനായി 28-3-2015-ലെ സ.ഉ.(സാധാ.) 202/2015/സഹ. പ്രകാരം ഹൗസിംഗ് ഫെഡറേഷന് പലിശ രഹിത വായ്പയായി 500 ലക്ഷം രൂപ അനുവദിക്കുകയും 5-1-2016-ലെ സ.ഉ.(സാധാ.) 38/2016/ധന. ഉത്തരവ് പ്രകാരം 6425-00-108-08 എന്ന ശീർഷകത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക കൂടാതെ 31-3-2016-ലെ സ.ഉ.(സാധാ.).244/2016/സഹ.പ്രകാരം 2015-16 വർഷത്തിൽ 357 ലക്ഷം രൂപയും ഹൗസിംഗ് ഫെഡറേഷന് പലിശ രഹിത വായ്പയായി അനുവദിച്ചിട്ടുണ്ട്.

മേൽപ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായമായി 857 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(സർക്കാർ കത്ത് നമ്പർ 387/എ 2/18/സഹ., തീയതി 17-11-2018)

ശിപാർശ

**പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുമായ തികച്ചും നിരാലംബരുടെയും ഭവന വായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി**

ഭവന വായ്പയെടുത്തിട്ട് മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്യുവരുടെ ഭവനം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും, കാർഷിക കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ 4(എ) പ്രകാരം ഭവന വായ്പയെടുത്ത് അംഗം വായ്പാ കാലാവധിയിലെ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പക്കാരന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനായി പ്രസ്തുത സംഘത്തിന് ബോർഡിൽ നിന്നും നൽകി വരുന്നു. റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ 4(ഡി) പ്രകാരം 30-3-2012-ന് ശേഷം ഭവന വായ്പ എടുത്ത് അതിനുശേഷം മാരകരോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർക്കും, എയ്ഡ്സ് രോഗം ബാധിച്ചവർക്കും 29-2-2016-ന് ശേഷം വായ്പയെടുത്ത് അതിനുശേഷം ടി.ബി, ലിവർസീറോസിസ് എന്നിവ പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനിൽപ്പോ, പരമാവധി 75,000 രൂപയോ വായ്പാക്കാരന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനായി പ്രസ്തുത സംഘത്തിന് ബോർഡിൽ നിന്നും നൽകി വരുന്നു.

ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ട വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പാക്കാരന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനായി പ്രസ്തുത സംഘത്തിന് ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്.

മേൽ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം സഹകരണ ഭവന വായ്പ സംഘങ്ങളിൽ നിന്നും ഭവന വായ്പ എടുത്തിട്ട് മരണപ്പെടുകയോ മാരക രോഗം ബാധിക്കുകയോ ചെയ്യുന്നവർക്ക് നിയമാവലിയ്ക്ക് അനുസൃതമായി റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ പി.എസ്2/505/2016/സഹ., തീയതി 31-1-2019)

674/2020.

ശിപാർശ

2515-00-102-83—മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന

ഗ്രാമവികസന വകുപ്പിന്റെ വാഹന അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ സ്പെയറുകൾ നൽകുന്നതിനുവേണ്ടി എറണാകുളം അസിസ്റ്റന്റ് കമ്മീഷണറുടെ ഭരണ നിയന്ത്രണത്തിലും ഫോർമാന്റെ സാങ്കേതിക മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന. ഈ സംഘടനയ്ക്ക് കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ General Transport & Equipments Organization-ന് കുടിശ്ശികയായ 46,200 രൂപ നൽകുന്നതിലേക്ക് 06-വാടക, കരം, നികുതി എന്ന ഇനത്തിൽ നിലവിലെ വിഹിതമായ 1,000 രൂപയ്ക്കു പുറമെ 47,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2015-16-ലെ ബജറ്റ് വിഹിതമായ 1000 രൂപയ്ക്ക് പുറമേ 32,000 രൂപ റീ അപ്രോപ്രിയേഷൻ മുഖാന്തരം പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തി മൂവാറ്റുപുഴ ഗവ. ട്രാൻസ്പോർട്ട് ഉപകരണ സംഘടനയ്ക്ക് അനുവദിക്കുകയും അതിൽ നിന്ന് 31,816 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.ആർ.ബി1/21/2017/ത.സ്വ.ഭ.വ., തീയതി 29-5-2019)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ശിപാർശ

4216-01-106-98(2)—സർക്കാർ ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്ത് പണികൾ)

നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 27 കോടി 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

4216-01-106-98(2)—സർക്കാർ ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്ത് പണികൾ) എന്ന ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതമായി

3,71,00,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 27 കോടി 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും 28-7-2016-ലെ സ.ഉ.(സാധാ) നമ്പർ 6363/2016/ധന. പ്രകാരം 40,58,000 രൂപയാണ് അധികമായി അനുവദിച്ചത്.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

4216-01-106-98(3)—സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്ത് പണികൾ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

4216-01-106-98(3)-സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 2,47,00,000 രൂപയായിരുന്നു 2016-17-ലെ ബഡ്ജറ്റ് വിഹിതം. ഇത് പര്യാപ്തമല്ലാത്തതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

(04)—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി - വൻകിട മരാമത്ത് പണികൾ

ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേയ്ക്കായി നടപ്പുവർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5,20,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

4216-01-106-98(04)-ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേയ്ക്കായി നടപ്പുവർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5,20,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. 12-5-2016-ലെ സ.ഉ.(സാധാ.)നമ്പർ 4821/2016/ധന. പ്രകാരം 4,08,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

4216-01-106-97—ടി ആന്റ് പി ഷെയർ ഡെബിറ്റ്

ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

4216-01-106-97-T&P ഷെയർ ഡെബിറ്റ് പദ്ധതി വിഹിതമായ 9,00,000 രൂപയ്ക്ക് പുറമേ മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

2216-05-001-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

2216-05-001-99-ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 5,60,00,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 10,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

4216-01-106-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

4216-01-106-99-ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് പദ്ധതി ശീർഷകത്തിൽ 1,23,00,000 രൂപയായിരുന്ന 2016-17-ലെ ബഡ്ജറ്റ് വിഹിതം. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

<u>ശിപാർശ</u>

2216-05-053-98—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്- ചെറുകിട മരാമത്ത് പണികൾ</u>

നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

2216-05-053-98-സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് - ചെറുകിട മരാമത്ത് പണികൾ - പദ്ധതിയേതരം എന്ന ശീർഷകത്തിൽ 2,00,00,000 രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. ഇത് അപര്യാപ്തമായതിനാൽ 1,00,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നു. തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

<u>ശിപാർശ</u>

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

02—<u>പ്രത്യേക അറ്റകുറ്റപ്പണികൾ</u>

03—<u>വൈദ്യുത സാമഗ്രികളുടെ സംരക്ഷണം</u>

നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ</u>

01—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,50,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. 2216-05-053-97-01-ന്റെ ചാർജ്ഡ് ശീർഷകത്തിൽ 9-12-2016-ലെ സ.ഉ.(സാധാ.) നമ്പർ 9516/2016/ധന. പ്രകാരം 4,03,000 രൂപ അനുവദിച്ചതൊഴിച്ചാൽ കൂടുതൽ തുക ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ., തീയതി 12-10-2018)

ശിപാർശ

2216-05-052-96—യന്ത്രോപകരണങ്ങളും പണിയായുധങ്ങളും 2059 ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

2216-05-053-95—T & P ഷെയർ ഡെബിറ്റ് ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 40,00,000 രൂപയ്ക്ക് പുറമേ മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ. തീയതി 12-10-2018)

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01-സാധാരണ അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ ആകെ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

2216-05-053-95-തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 2,51,00,000 രൂപ

പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 72,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ. തീയതി 12-10-2018)

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 1,30,00,000 രൂപ അപര്യാപ്തമായതിനാൽ 3,00,00,000 രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 3/353/2016/പൊ.മ.വ. തീയതി 12-10-2018)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)-സഹായ ധനം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.0936 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ടി ശിപാർശയിന്മേലുള്ള പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷം കഴിഞ്ഞ് ലഭിച്ച സാഹചര്യത്തിൽ അധിക തുക വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

ശിപാർശ

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

വർക്കിംഗ് ജേർണലിസ്റ്റ് സബ്സിഡിക്കായി ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക പര്യാപ്തമായതിനാൽ സമിതിയുടെ ശിപാർശ പ്രകാരം അധികം തുക അനുവദിക്കേണ്ടതായി കാണുന്നില്ല.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG. തീയതി 24-11-2018)

ശിപാർശ

2216-80-103-99-(35)—എം.എൻ. ലക്ഷംവീട് ലോട്ടറിയിൽ നിന്നുള്ള വരുമാനം

എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് നടത്തിയ ബമ്പർ ലോട്ടറിയിൽ നിന്ന് നെറ്റ് പ്രോഫിറ്റ് ആയി ലഭിച്ച 616.06 ലക്ഷം രൂപ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയും കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 42-ഓളം കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും ചെയ്തുവെങ്കിലും പ്രസ്തുത തുക നാളിതുവരെ ഹൗസിംഗ് ബോർഡിന് കൈമാറിക്കിട്ടിയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പരാമർശിച്ച ബമ്പർ ലോട്ടറിയിൽ നിന്നുള്ള നെറ്റ് പ്രോഫിറ്റായ 616.06 ലക്ഷം രൂപ അടിയന്തരമായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ്(കൈ) നമ്പർ 7/2018/ഭവനം തീയതി 27-7-2018-ലെ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റാനും പ്രസ്തുത പദ്ധതിയിൽ തന്നെ നിർമ്മിച്ച് ഇപ്പോൾ വാസയോഗ്യമല്ലാതായി തീർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനുമായി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി അറുപത്തി മൂവായിരത്തി

ഇരുന്നൂറ്റി അറുപത് രൂപ മാത്രം) ലൈഫ് പദ്ധതിയുടെ ഭാഗമായി 154 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് താഴെപ്പറയുന്ന വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

"സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത് രൂപ മാത്രം) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നേരിട്ട് അനുവദിക്കുന്നതിന് പകരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ലൈഫ് മിഷന്റെ ഒരു നിർവ്വഹണ ഏജൻസിയായി കണക്കാക്കി ആവശ്യാനുസരണം ലൈഫ് മിഷൻ മുഖേന കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് തുക കൈമാറേണ്ടതാണ്"

ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ച കുറിപ്പ് പ്രകാരം, എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നിർമ്മിച്ച വീടുകളുടെ പുനരുദ്ധാരണവും ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ നിർവ്വഹണ ഏജൻസിയായി കണക്കാക്കി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെ ഉൾപ്പെടുത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറാവുന്നതാണെന്ന വ്യവസ്ഥയോടെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2018/ഭവനം തീയതി 27-7-2018-ലെ ഉത്തരവ് ഭേദഗതി വരുത്തി സ.ഉ.(സാധാ.) നമ്പർ 11/2018/ഭവനം തീയതി 26-10-2018 പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

ശിപാർശ

2216-80-103-99-(37)—ഗൃഹശ്രീ-സബ്സിഡി

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 18 കോടി 24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സർക്കാർ സബ്സിഡി തുക ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അതത് വർഷത്തെ ഗൃഹശ്രീ പദ്ധതി പ്രാബല്യത്തിൽ വരുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടി പദ്ധതിയ്ക്കായി സമിതി ശിപാർശ ചെയ്ത 1824 ലക്ഷം രൂപ അനുവദിക്കേണ്ടതായി കാണുന്നില്ല.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

ശിപാർശ

2216-80-103-98—മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

മുഖ്യമന്ത്രിയുടെ 2016-ലെ കടാശ്വാസ പദ്ധതിയിൽ അനുവദിച്ച തുകയായ 11.89 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

ശിപാർശ

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതരത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01-അറ്റകുറ്റപ്പണികൾ 02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2216-05-053-95 ശീർഷകത്തിൽ 01-അറ്റകുറ്റപ്പണികൾ 02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ 2,16,00,000 രൂപയായിരുന്നു ബജറ്റ് വിഹിതം, 01-അറ്റകുറ്റപ്പണികൾ എന്ന ശീർഷകത്തിൽ വിഹിതത്തേക്കാൾ അധികമായി വന്ന തുക Additional authorisation വഴി അനുവദിച്ചു. ആകെ ചെലവ് ബജറ്റ് വിഹിതത്തെക്കാൾ കറവായിരുന്നു. വിഹിതം-2,16,00,000 ചെലവ്-1,55,24,746

(സർക്കാർ കത്ത് നമ്പർ 510/ഇ 3/2017/പൊ.ഭ.വ. തീയതി 31-10-2018)

ശിപാർശ

2216-05-052-96—യന്ത്രോപകരണങ്ങളും പണിയായുധങ്ങളുടെയും ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 10.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ 510/ഇ 3/2017/പൊ.മ.വ., തീയതി 31-10-2018)

ശിപാർശ

2216-05-001-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ, ഡെബിറ്റ് ട്രാൻസ്ഫർ മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർകത്തിൽ 1 കോടി 51 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ 510/ഇ 3/2017/പൊ.മ.വ., തീയതി 31-10-2018)

ശിപാർശ

4216-80-201-98—വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 60% കേന്ദ്ര വിഹിതം 15,00,00,000 (കേന്ദ്ര വിഹിതം 9 കോടി, സംസ്ഥാന വിഹിതം 6 കോടി)

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി 2 കോടി 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ടി ശിപാർശയിന്മേലുള്ള പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷം കഴിഞ്ഞ് ലഭിച്ച സാഹചര്യത്തിൽ അധിക തുക വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

ശിപാർശ

04-സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി-വൻകിട മരാമത്ത് പണികൾ

ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേക്കായി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 13.519 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

4216-01-106-98-04:2017-18—സാമ്പത്തിക വർഷത്തിൽ മേൽ ശീർഷകത്തിൽ ചെലവൊന്നുമുണ്ടായിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 510/ഇ 3/2017/പൊ.മ.വ തീയതി 31-10-2018)

ശിപാർശ

4216-80-201-98(08)—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം-വൻകിട മരാമത്ത് പണികൾ

പദ്ധതി നടത്തിപ്പിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 24 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ടി ശിപാർശയിന്മേലുള്ള പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷം കഴിഞ്ഞ് ലഭിച്ച സാഹചര്യത്തിൽ അധിക തുക വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ HSG B2/50/2017/HSG തീയതി 24-11-2018)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2216-80-001-99-01-2—ഹൗസിംഗ് കമ്മീഷണർ

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 2216-80-001-99-01-02 ക്ഷാമബത്ത, 2216-80-001-99-01-03 വീട്ടുവാടക എന്നീ ശീർഷകങ്ങളിൽ യഥാക്രമം 6,50,000, 1,50,000 രൂപ വീതം വകയിരുത്തിയിരുന്നു.

2018-19 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് അധിക തുക അനുവദിച്ചിരുന്നില്ലെങ്കിലും, 2216-80-001-99-01-02 ശീർഷകത്തിൽ നിന്നും 10,13,321 രൂപയും 2216-80-001-99-01-03 ശീർഷകത്തിൽ നിന്നും 3,30,125 രൂപയും സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ അധിക തുക ചെലവഴിച്ചത് ക്രമീകരിക്കുന്നതിന് സാമ്പത്തിക വർഷാവസാനം ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 2216-80-001-99-02-01 വേതനം ശീർഷകത്തിൽ ബജറ്റ് വിഹിതമായ 1,30,000 രൂപയ്ക്ക് പുറമെ 40,000 രൂപ അധിക ധനസഹായം അനുവദിച്ചെങ്കിലും, 26,245 രൂപ മാത്രമാണ് സ്ഥാപനം ചെലവഴിച്ചിരുന്നത്. കൂടാതെ ബാക്കി തുകയായ 13,755 രൂപ സാമ്പത്തിക വർഷാവസാനം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഉണ്ടാകാൻ സാധ്യതയുള്ള DA വർദ്ധനവും, DA Arrear നൽകേണ്ട സാഹചര്യവും കണക്കിലെടുത്താണ് ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം അധിക തുക ആവശ്യപ്പെട്ടത്. എന്നാൽ DA വർദ്ധനവുണ്ടായത് 2019-2020 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ മാത്രമായതിനാലാണ് സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നത്.

(സർക്കാർ കത്ത് നമ്പർ HSG/A3/84/2018/HSG, തീയതി 17-8-2019)

ശിപാർശ

01-2—ക്ഷാമബത്ത

01-3—വീട്ടുവാടക അലവൻസ്

02-1—വേതനം

സ്പെഷ്യൽ റൂളിന്റെ അഭാവത്തിലും ജീവനക്കാരുടെ അപര്യാപ്തതമൂലവും അത്യാവശ്യഘട്ടങ്ങളിൽ ചില തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം 2216-80-001-99-02-4 consolidated pay ശീർഷകത്തിൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 2,73,000 രൂപ അനുവദിക്കുകയും, ഇതിൽ 1,88,273 രൂപ സ്ഥാപനം ചെലവഴിക്കുകയും, ബാക്കി തുക സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനെ 3-12-2018-ൽ പിരിച്ചുവിട്ട സാഹചര്യത്തിലും തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ കരാർ വ്യവസ്ഥയിൽ പുതിയ നിയമനം നടത്താത്തതിനാലുമാണ് പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും സ്ഥാപനത്തിന് വിനിയോഗിക്കാൻ സാധിക്കാതിരുന്നത്.

(സർക്കാർ കത്ത് നമ്പർ HSG/A3/84/2018/HSG, തീയതി 17-8-2019)

ശിപാർശ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)—സഹായധനം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1 കോടി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 7-12-2018)

ശിപാർശ

2216-80-103-99(35)—ലക്ഷം വീട് ബമ്പർ ലോട്ടറി - തനത് വരുമാനം

കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 6 കോടി 16 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സ.ഉ.(സാധാ) നമ്പർ 07/2018/ഭവനം തിരുവനന്തപുരം, തീയതി 27-7-2019 ഉത്തരവ് പ്രകാരം എം.എൻ. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റാനും പ്രസ്തുത പദ്ധതിയിൽ തന്നെ നിർമ്മിച്ച് ഇപ്പോൾ വാസയോഗ്യമല്ലാതായി തീർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുമായി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി ഇരുന്നൂറ്റി അറുപത് രൂപ മാത്രം) ലൈഫ് പദ്ധതിയുടെ ഭാഗമായി 154 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് താഴെപ്പറയുന്ന വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

"സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ (ആറ് കോടി പതിനാറ് ലക്ഷത്തി ഇരുന്നൂറ്റി അറുപത് രൂപ മാത്രം) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ നേരിട്ട് അനുവദിക്കുന്നതിനുപകരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ലൈഫ് മിഷന്റെ ഒരു നിർവ്വഹണ ഏജൻസിയായി കണക്കാക്കി ആവശ്യാനുസരണം ലൈഫ് മിഷൻ മുഖേന കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് തുക കൈമാറേണ്ടതാണ്." തുടർന്ന് ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച കുറിപ്പ് പ്രകാരം എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നിർമ്മിച്ച വീടുകളുടെ പുനരുദ്ധാരണവും ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ നിർവ്വഹണ ഏജൻസിയായി കണക്കാക്കി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെ ഉൾപ്പെടുത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറാവുന്നതാണെന്ന വ്യവസ്ഥയോടെ സ.ഉ.(കൈ)നമ്പർ 07/2018/ഭവനം, തീയതി 27-7-2018-ലെ ഉത്തരവ് ഭേദഗതി വരുത്തി സ.ഉ.(കൈ)നമ്പർ 11/2018/ഭവനം, തീയതി 26-10-2018 പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 7-12-2018)

<u>ശിപാർശ</u>

2216-80-103-99(37)—<u>ഗൃഹശ്രീ - സബ്സിഡി</u>

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 7-12-2018)

ശിപാർശ

2216-80-103-99(38)—ട്രെയിനിംഗ്

ഓഫീസ് ആധുനികവൽക്കരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 2216-80-103-99-38 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 40 ലക്ഷം രൂപയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2018-19-ലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ സമിതി നിർദ്ദേശ പ്രകാരം അധിക തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ HSG/A3/84/2018/HSG, തീയതി 17-8-2019)

ശിപാർശ

2216-05-053-98-17—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ആകെ ചെലവ് ബജറ്റ് വിഹിതത്തേക്കാൾ കുറവായതിനാൽ അധിക തുക ആവശ്യമായി വന്നില്ല. ചെലവ് - 82,09,245

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

2216-05-053-97(01)—സംരക്ഷണവും അറ്റകുറ്റപ്പണികളും

(02)—പ്രത്യേക അറ്റകുറ്റപ്പണികൾ

(03)—വൈദ്യുത സ്ാമഗ്രികളുടെ സംരക്ഷണം

പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 കോടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ആകെ ചെലവ് ബജറ്റ് വിഹിതത്തേക്കാൾ കുറവായിരുന്നു.

ചെലവ് - 15,89,12,054

(സർക്കാർ കത്ത് നം.E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ (01)-സാധാരണ അറ്റകുറ്റപ്പണികൾ, (02)-പ്രത്യേക അറ്റകുറ്റപ്പണികൾ, (03)-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം എന്നീ ഇനങ്ങളിൽ ആകെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ആകെ ചെലവ് ബജറ്റ് വിഹിതത്തേക്കാൾ കുറവായിരുന്നു.

ചെലവ് - 1,00,41,897

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

2216-05-052-96—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4,68,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

അധികം തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

2216-05-001-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 64,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

അധികം തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

4216-01-106-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4 കോടി 34 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അധികം തുക ആവശ്യമായി വന്നില്ല. 1,33,17,439 രൂപയായിരുന്നു 2018-19 വർഷത്തെ ചെലവ്.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

4216-01-106-98(02)—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 14 കോടി 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

അധികം തുക ആവശ്യമായി വന്നില്ല. 2018-19 വർഷത്തെ ചെലവ് 6,54,65,551 രൂപയായിരുന്നു.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

4216-01-700-86—ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 59 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2018-19 വർഷത്തിൽ ഈ ഹെഡിൽ ചെലവൊന്നും ഇല്ലായിരുന്നു.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

4216-80-195-99(05)—പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം അംശദാനം

പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഓഹരി മൂലധനം അനുവദിച്ചു നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം 2018-19 സാമ്പത്തിക വർഷം അധികമായി തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി3/185/2018/സഹ., തീയതി 7-12-2018)

ശിപാർശ

4216-80-195-99(06)—കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 44,39,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം 2018-19 സാമ്പത്തിക വർഷം അധികമായി തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി3/185/2018/സഹ., തീയതി 7-12-2018)

ശിപാർശ

4216-01-106-97—യന്ത്രോപകരണങ്ങൾ 2059-പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

ഷെയർ ഡെബിറ്റ് ട്രാൻഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി മേൽ ശീർഷകത്തിൽ 30,38,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

അധികം തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ E3/434/2018/പൊ.മ.വ., തീയതി 18-5-2019)

ശിപാർശ

2225-04-102-91-31—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 48,88,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

ശിപാർശ

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 83,65,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

ശിപാർശ

2225-04-001-99-02—വേതനം

ഡയറക്ടറേറ്റിലെയും 17 കോച്ചിംഗ് സെന്ററുകളിലെയും 81 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി "2225-04-001-99-02-04" കൺസോളിഡേറ്റഡ് പേ എന്ന ശീർഷകത്തിൽ 2 കോടി 53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

50 ലക്ഷം + 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(G.O.(Rt)No.3423/2018/Fin, dated 16-4-2018., G.O.(Rt)No.2047/2019/Fin, dated 19-3-2019.)

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

ശിപാർശ

2225-04-001-99-06—വാടക, കരം, നികുതി

ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. പരിശീലന കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

10,00,000 രൂപ അനുവദിച്ചു. G.O.(Rt) No.20/2019/Fin., dated 1-1-2019.

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-1-2019)

ശിപാർശ

2225-04-001-99-17—ചെറുകിട മരാമത്ത് പണികൾ

ഡയറക്ടറേറ്റിന്റെയും, മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും, വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

തുക അനുവദിക്കുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

ശിപാർശ

2225-04-001-99-18—സംരക്ഷണം

ഡയറക്ടറേറ്റിന്റെയും, മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും, വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

10,000 രൂപ അനുവദിച്ചിട്ടുണ്ട്. G.O.(Rt)No.2237/2019/Fin., dated 21-3-2019

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

<u>ശിപാർശ</u>

2225-04-001-99-21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഔദ്യോഗിക വാഹനം സർവ്വീസ് ചെയ്ത് തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

76,000 രൂപ അനുവദിച്ചു. G.O.(Rt)No.8368/2018/Fin., dated 9-10-2018

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

<u>ശിപാർശ</u>

2225-04-001-99—<u>വിവരസാങ്കേതിക വിദ്യ</u>

വകുപ്പിന്റെ വിവരസാങ്കേതിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

<u>ശിപാർശ</u>

2225-04-102-92-34—<u>മറ്റ് ചെലവുകൾ</u>

16 സെന്ററുകളിലെയും 20 സബ് സെന്ററുകളിലെയും ചെലവുകൾ, ഉറുദു സ്കോളർഷിപ്പ്, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്നിവയ്ക്ക് ചെലവാകുന്ന തുക മേൽ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നതെന്നും കൂടാതെ പുതുതായി ഒരു സെന്ററും 2 സബ്സെന്ററും കൂടി

അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിലേക്കായി മേൽ ശീർഷകത്തിൽ 28,80,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

30,93,000 രൂപ അനുവദിച്ചു. G.O.(Rt) No.1672/2019/Fin., dated 6-3-2019

(സർക്കാർ കത്ത് നമ്പർ എം.ഡബ്ല്യു1/101/2018/പൊ.ഭ.വ., തീയതി 29-4-2019)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 17, 18, ആഭ്യന്തര 'ജി' വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 32 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ 22-1-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ

ടൂറിസത്തിന് വൻസാദ്ധ്യതയുള്ള സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും വിനോദസഞ്ചാരത്തിനായി എത്തുന്ന സ്വദേശികളും വിദേശികളുമായ സഞ്ചാരികൾ മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാൻ പ്രത്യേക ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്തെ മുഴുവൻ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ വിനോദസഞ്ചാരികൾ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരണ ബോർഡുകൾ മൂന്ന് ഭാഷകളിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ സി3/139/2018/ടൂർ, തീയതി 16-10-2019)

ശിപാർശ

ഹൗസ്ബോട്ടുകളിലെ മാലിന്യം കായലുകളിൽ തള്ളുന്ന പ്രവണതയാണ് ഉള്ളത്. ഇത് മാറ്റി, മെക്കനൈസ്ഡ് സക്കിംഗ് പോലെയുള്ള നൂതന സംവിധാനങ്ങൾ നടപ്പാക്കേണ്ടതാണ്. ഹൗസ്ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ഹൗസ്ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നത് തുറമുഖ വകുപ്പാണ്. നിലവിൽ ആലപ്പുഴയിലും, കുമരകത്തും സ്വീവേജും ട്രീറ്റ്മെന്റ് പ്ലാന്റുകളും സജ്ജീകരിച്ച് ടൂറിസം വകുപ്പ് മാലിന്യ നിർമ്മാർജ്ജനം നടത്തിവരുന്നു. ഹൗസ്ബോട്ടുകളിലെ മാലിന്യം നീക്കുന്നതിന് നൂതന സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ സി3/139/2018/ടൂർ, തീയതി 16-10-2019)

ശിപാർശ

മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയുന്നവരെ കയ്യോടെ പിടികൂടുന്നതിനും വലിയ പിഴ ഈടാക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കണമെന്നും, ഇതിന് പോലീസിന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

മാലിന്യം പൊതുനിരത്തിൽ വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനായി ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും പട്രോളിംഗും ജനമൈത്രി ബീറ്റ് പട്രോളിംഗും നിരീക്ഷണം നടത്തി വരുകയും, സ്ഥിരമായി മാലിന്യങ്ങൾ കൊണ്ടിടുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേകം CCTV ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നതും, Sec. 269, 270 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

പൊതുനിരത്തുകളിലും പുഴയുടെ തീരത്തും മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ പിഴയും തടവും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ ശിക്ഷാ നിയമത്തിലും 2011– ലെ കേരള പോലീസ് ആക്റ്റിലും ഇപ്പോൾ തന്നെ വ്യവസ്ഥകൾ ഉള്ളതാണ്. ഇത്തരത്തിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോലീസ് ആക്റ്റിലെയും വകുപ്പുകൾ പ്രകാരമുള്ള നടപടികൾ കൂടുതൽ കർക്കശമാക്കുന്നത് ഈ ലക്ഷ്യം സാധിതമാക്കുന്നതിന് സഹായകരമായി തീരുന്നതാണ്.

തീരദേശ മേഖലകളിൽ കടലോര ജാഗ്രതാ സമിതി, മറ്റ് ജനകീയ കൂട്ടായ്മകൾ, ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ മുതലായവ മേൽ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായും വിവരങ്ങൾ പോലീസിനോ, ബന്ധപ്പെട്ട അധികാരികൾക്കോ കൈമാറുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസിന്റെ ഭാഗത്ത് നിന്നും കാര്യക്ഷമമായ ഇടപെടലുകൾ ഇത്തരം പ്രവർത്തികൾ അവസാനിപ്പിക്കുന്നതിലേക്കായി ഉറപ്പ് വരുത്തിയിട്ടുള്ളതാണ്.

മേൽ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നതും, ഈ വിഷയത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും, മേൽ കുറ്റങ്ങൾ ചെയ്യുന്നവർ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നുണ്ട് എന്നുറപ്പ് വരുത്തേണ്ടതും ആവശ്യമാണ്.

കൃത്യമായ മാലിന്യ നിർമ്മാർജ്ജനത്തിനോ, മാലിന്യ സംസ്കരണത്തിനോ, സംവിധാനമൊരുക്കാതെയുള്ള വ്യാപാര സ്ഥാപനങ്ങൾ, കെട്ടിടം താമസത്തിന് നൽകുന്നവർ ഇതര സംസ്ഥാനത്ത് നിന്നും എത്തുന്നവർക്ക് പണ സമ്പാദനത്തിന് മാത്രമായി പരിമിത സൗകര്യമുള്ള സ്ഥലത്ത് അശാസ്ത്രീയമായി താമസ സൗകര്യം ഒരുക്കുന്നവർ എന്നിവർ പരിസരവാസികളുടെ ആരോഗ്യത്തെക്കൂടി ഗുരുതരമായി ബാധിക്കുന്ന തരത്തിൽ മാലിന്യം നിക്ഷേപിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതായി പലപ്പോഴും റിപ്പോർട്ട് ചെയ്യാറുള്ളതിനാൽ ഇത്തരക്കാർക്കെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതും, ഇക്കാര്യം ബന്ധപ്പെട്ട പഞ്ചായത്ത് ആരോഗ്യ വകുപ്പുകളെ രേഖാമൂലം അറിയിക്കുന്നതിനും ഭാവിയിൽ ഇത്തരം പരാതികൾക്ക് ഇട നൽകാത്തവിധം പരിഹാരം കാണുന്നതിനും എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ സി3/139/2018/ടൂർ, തീയതി 16-10-2019)

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020 ആഗസ്റ്റ് 19.

## അനുബന്ധം

## 26-4-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ഒരു യോഗം 2019 ഏപ്രിൽ മാസം 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീമതി ജാസ്മിൻ പി.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ജി. കമല വർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
2. ശ്രീ. ബാബു കെ., അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ ബോർഡ്.
3. ശ്രീമതി കെ. എസ്. സുധ, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
4. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്.
5. ശ്രീ. ഹൈദ്രു ഇ. കെ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.
6. ശ്രീ. രാജീവ് കരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

7. ശ്രീ. അലക്സ് റ്റി. ജോസഫ്, ചീഫ് പ്ലാനർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

8. ശ്രീ. എം. ബിനോയ് കുമാർ, അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

9. ശ്രീ. വി. ആർ. പ്രേംകുമാർ, സെക്രട്ടറി/ഹൗസിംഗ് കമ്മീഷണർ(i/c), സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

10. ശ്രീ. പി. എം. ഷൈല്ല, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.

സമിതി, 2014-15, 2015-16, 2016-17, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

## I. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### സഹകരണ വകുപ്പ്

<u>ശിപാർശ 2</u> : ഗവൺമെന്റ് റിപ്പോർട്ട് അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 16</u> : സാമ്പത്തിക പരിമിതിമൂലം 2014-15 സാമ്പത്തിക വർഷത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിനായി തുക വകയിരുത്തിയിരുന്നില്ലെന്നും 2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരുന്നെങ്കിലും തുകയൊന്നും വകയിരുത്താൻ സാധിക്കില്ലായെന്നാണ് അറിയിച്ചതെന്നും സഹകരണവകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. ഗവൺമെന്റ് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>ശിപാർശ 17</u> : ഗവൺമെന്റ് റിപ്പോർട്ട് അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 27</u>: പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുന്നവരുടെയും ക്യാൻസർ പോലുള്ള മാരക രോഗങ്ങൾ ബാധിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും ബാദ്ധ്യത ഏറ്റെടുക്കുന്നതിനായി 'സാന്ത്വനം' എന്ന പദ്ധതി നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും അത് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ലെന്നും പ്രസ്തുത സ്കീമിന് സമാനമായി റിസ്ക് പദ്ധതി നിലവിൽ

വന്നിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 1.5 ലക്ഷം രൂപയും മാരക രോഗങ്ങൾ ബാധിച്ചവർക്ക് 75,000 രൂപയും ധനസഹായം ലഭിക്കുന്നുണ്ടെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി. 15 വർഷം മുമ്പ് ലോൺ എടുത്തവർക്കും ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം സാന്ത്വനം പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു. ഗവൺമെന്റ് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 30 : 2014-15 സാമ്പത്തിക വർഷത്തിൽ ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം നൽകുന്ന ആവശ്യത്തിന് തുക അനുവദിച്ചിരുന്നില്ലെന്നും വായ്പാതുക അടച്ചുതീർത്ത ഗുണഭോക്താക്കളുടെ പ്രമാണം തിരികെ നൽകുന്നതിന് പലിശ രഹിത വായ്പയായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാൻ സഹകരണ ഹൗസിംഗ് ഫെഡറേഷന് 2015-16 വർഷത്തിൽ 8.57 കോടി രൂപ അനുവദിച്ചുണ്ടെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

വായ്പ എടുത്തവർക്ക് പ്രമാണം തിരികെ നൽകുന്നതിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സഹകരണ സംഘങ്ങൾ ഗുണഭോക്താക്കളുടെ പ്രമാണം ഈട് വച്ചാണ് SBI -യിൽ നിന്നും ലോൺ എടുക്കുന്നതെന്നും ഗുണഭോക്താവ് സംഘത്തിലെ ലോൺ മുഴുവൻ അടച്ചു തീർത്താലും, സംഘം എടുത്തിട്ടുള്ള ലോൺ മുഴുവൻ തിരിച്ചടച്ചാൽ മാത്രമേ പ്രമാണങ്ങൾ തിരികെ ലഭിക്കുകയുള്ളുവെന്നും അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച പ്രശ്നത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, സംഘങ്ങളിൽ പലിശ വളരെ കൂടുതലാണെന്നും സംഘങ്ങൾക്ക് 10.5 ശതമാനം പലിശയിൽ ലഭിക്കുന്ന ലോൺ 11.5%, 12%, 13.5% എന്നീ നിരക്കിലാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും SBI -യിൽ നിന്നും ഈട് വച്ച് ലോൺ എടുക്കാൻ കഴിയാത്തവരാണ് സംഘങ്ങളിൽ നിന്നും ലോൺ എടുക്കുന്നതെന്നും അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ഗവൺമെന്റ് റിപ്പോർട്ട് അംഗീകരിച്ചു.

II. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 20, 21 എന്നിവയിന്മേലുള്ള ഗവൺമെന്റ് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 61 മുതൽ 71 വരെയുള്ള ശിപാർശകളിന്മേൽ ലഭിച്ച ഗവൺമെന്റ് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## IV. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ഭവനനിർമ്മാണ വകുപ്പ്

ശിപാർശ നമ്പർ 1 : ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലെ കമ്മി നികത്തുന്നതിനായി ശിപാർശ ചെയ്ത അധിക തുക ലഭിക്കാൻ യഥാസമയം പ്രൊപ്പോസൽ സമർപ്പിച്ചില്ലെന്നും സമിതിയുടെ ശിപാർശ പ്രകാരം ഒരു സാമ്പത്തിക വർഷത്തേക്കുള്ള പ്രൊപ്പോസൽ അതേ വർഷത്തിൽതന്നെ ധനകാര്യ വകുപ്പിന് നൽകി അധിക തുക ആവശ്യപ്പെടേണ്ടതാണെന്നും എന്നാൽ ഭവനനിർമ്മാണ വകുപ്പ് ഇക്കാര്യങ്ങൾ ചെയ്തിട്ടില്ലെന്നും സമിതി വ്യക്തമാക്കി. ഇതിന്മേൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും യഥാസമയം പ്രൊപ്പോസൽ ലഭിക്കാത്തതാണ് കാലതാമസം വരാൻ കാരണമെന്ന ഭവന നിർമ്മാണ വകുപ്പ് ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. നിയമസഭാ സമിതി മുമ്പാകെ വരുമ്പോൾ ഫയൽ നന്നായി പഠിച്ചിട്ടാണ് വരേണ്ടതെന്നും എം.എൽ.എ. മാരുടെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നും ഭവനനിർമ്മാണ വകുപ്പ് ഉദ്യോഗസ്ഥയ്ക്ക് സമിതി താക്കീത് നൽകി. ഖണ്ഡിക 1-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ശിപാർശ നമ്പർ 2 : നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 3 : എം.എൻ. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് നടത്തിയ ബമ്പർ ലോട്ടറിയിൽ നിന്ന് 6,16,63,120 രൂപ നെറ്റ് പ്രോഫിറ്റായി ലഭിച്ചെന്നും പ്രസ്തുത തുക ഭവന നിർമ്മാണ ബോർഡിന് നൽകാൻ നികുതി വകുപ്പ് തത്ത്വത്തിൽ അംഗീകരിച്ചിരുന്നെങ്കിലും അഡീഷണൽ ആതറൈസേഷൻ വഴി 1.5 കോടി രൂപ മാത്രമേ ലഭിച്ചിരുന്നുള്ളുവെന്നും ഭവനനിർമ്മാണ ബോർഡ് ചീഫ് എൻജിനീയർ അറിയിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് കുത്തുപറമ്പിൽ 26 വീടുകളുടെ നിർമ്മാണം പൂർത്തിയായെന്നും 10 വീടുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണെന്നും ലൈഫ് പദ്ധതിയുടെ ഗൈഡ്‌ലൈൻ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. പദ്ധതി പ്രകാരം 36 വീടുകളാണോ സംസ്ഥാനത്താകെ നിർമ്മിച്ചതെന്ന സമിതിയുടെ ചോദ്യത്തിന്, ഈ ഫണ്ടുപയോഗിച്ച് 154 വീടുകൾ നിർമ്മിക്കാൻ സാധിക്കുമെന്നും അതിനുള്ള സെലക്ഷൻ പ്രോസസ് കഴിഞ്ഞിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സെലക്ഷൻ നടത്തുന്നതെന്നും ഭവനനിർമ്മാണ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക :3-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 4</u> : ഗൃഹശ്രീ പദ്ധതി വഴി , ഒരു ലക്ഷം രൂപ വീതം 3015 പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന ചീഫ് എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 4-ലെ ശിപാർശയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 21: വർക്കിംഗ് വിമൻസ് ഹോസ്റ്റൽ & ശിപാർശ നമ്പർ 25 അഖിലേന്ത്യാ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം</u>

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ യഥാസമയം നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. വകുപ്പ് ആവശ്യപ്പെടുന്ന വിവരങ്ങൾ ഭവനനിർമ്മാണ ബോർഡ് കൃത്യമായി നൽകാത്തതിനാലാണ് പ്രൊപ്പോസൽ നൽകാൻ കഴിയാത്തതെന്ന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പ്രസ്തുത പദ്ധതിയ്ക്ക് 2.42 ലക്ഷം രൂപയാണ് സംസ്ഥാന വിഹിതമായി ആവശ്യപ്പെട്ടിരുന്നതെന്നും കോട്ടയം ജില്ലയിലെ ഗാന്ധിനഗറിലും ഇടുക്കി ജില്ലയിലെ പീരുമേടുമാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും പീരുമേട്ടിൽ സ്ഥലം ലഭിക്കാത്തതിനാലാണ് യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ഭവനനിർമ്മാണ ബോർഡ് ആവശ്യപ്പെടുന്നതനുസരിച്ചാണ് സമിതി അധിക തുകയ്ക്ക് ശിപാർശ ചെയ്യുന്നതെന്നും അതിനാൽ പ്രൊപ്പോസൽ യഥാസമയം സമർപ്പിക്കാനുള്ള ബാദ്ധ്യത വകുപ്പിനാണെന്നും ഇത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമുള്ള ഗുരുതരമായ വീഴ്ചയാണെന്നും സമിതി ചൂണ്ടിക്കാട്ടി. നിശ്ചിത കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ നടപ്പിലാക്കാതെ പോകുന്നത് കൊണ്ട് നിരവധി പ്രശ്നങ്ങളുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, നിയമസഭാ സമിതി നൽകുന്ന ശിപാർശ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഖണ്ഡിക 21, 25 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 13, 14, 15, 24 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

### V. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

### ഭവനനിർമ്മാണ വകുപ്പ്

ഖണ്ഡിക 1, 2, 6 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 3 : ദുർബല വിഭാഗങ്ങളുടെ പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതിനായി 1 കോടി 4 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടതായി സമിതി നിരീക്ഷിച്ചു. ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതിനുശേഷം അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശം സമിതി ഗൗരവമായി കാണുകയും ബഡ്ജറ്റ് വിഹിതം ചെലവഴിക്കാതെ അധിക തുക എന്തിനാണ് വകുപ്പ് ആവശ്യപ്പെടുന്നതെന്നും ഇപ്രകാരം സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി ഗൗരവമായിക്കാണുമെന്നും സമിതി വകുപ്പിനെ അറിയിച്ചു.

ശിപാർശ നമ്പർ 4, 5 : എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

ശിപാർശ നമ്പർ 7: XXI-ാം ധനാഭ്യർത്ഥനയിലുള്ള പ്രസ്തുത ഖണ്ഡിക ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ടതല്ലെന്ന ഭവനനിർമ്മാണ വകുപ്പിന്റെ മറുപടി സമിതി ഗൗരവമായി കാണുകയും ആയത് സംബന്ധിച്ച് ആരായുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹണ ഏജൻസി എന്നത് ശരിയാണെങ്കിലും "വകുപ്പുമായി ബന്ധപ്പെട്ടതല്ലെന്ന" ഭവനനിർമ്മാണ വകുപ്പിന്റെ മറുപടി ഫയൽ നന്നായി പഠിച്ചിട്ടല്ല യോഗത്തിന് ഹാജരായത് എന്ന് വ്യക്തമാക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു. സാധാരണ ഫയലുകൾ കൈകാര്യം ചെയ്യുന്ന ലാഘവത്തോടെ സമിതി മുമ്പാകെ മറുപടി നൽകരുതെന്നും ഭവനനിർമ്മാണ ബോർഡിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഖണ്ഡിക '7'-ലെ ശിപാർശയുള്ള മറുപടി എത്രയും വേഗം സമിതിയ്ക്ക് നൽകണമെന്നും സമിതി ഭവനനിർമ്മാണ വകുപ്പ് ഉദ്യോഗസ്ഥരെ അറിയിച്ചു.

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടി ആഗസ്റ്റ് മാസം അവസാനമോ സെപ്റ്റംബർ ആദ്യ വാരമോ നടത്തുന്നതിന് ആൻഡമാൻ, സിക്കിം, മേഘാലയ, ഡൽഹി എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി കരട് ടൂർ പ്രോഗ്രാം തയ്യാറാക്കാൻ സമിതി നിർദ്ദേശിച്ചു.

(യോഗം 12.15-ന് പിരിഞ്ഞു.)

## 15-5-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2019 മേയ് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനായ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കമ്മിറ്റിയുടെ എക്സ്-ഒഫിഷ്യോ അംഗം ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ

3. ശ്രീ. കെ. ബാബു

4. ശ്രീ. കെ.എസ്. ശബരീനാഥൻ

5. ശ്രീ. പി. ഉബൈദുള്ള

6. ശ്രീ. ഇ.കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു കെ.എ., ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജി.എസ്. സുരേഷ് കുമാർ,ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി.കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്.

2. ശ്രീ. വി.എസ്. സന്തോഷ് കുമാർ, ഗ്രാമവികസന കമ്മീഷണർ-ഇൻ-ചാർജ്

3. ശ്രീ. കെ. ജോസഫ് പോൾ, ചീഫ് എഞ്ചിനീയർ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ), പ്രധാൻ മന്ത്രി ഗ്രാമ സഡക്ക് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരമാണ് യോഗം ചേർന്നത്.

പി.എം.എ.വൈ. (ഗ്രാമീൺ)

ഇന്ത്യയിലെ ഭവന രഹിതരായ മുഴുവൻ ആളുകൾക്കും 2022-ഓടുകൂടി പാർപ്പിടമുണ്ടാക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെ 2016 നവംബർ 20ന് ആരംഭിച്ച പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)യെന്നും മുൻപ് നിലവിലുണ്ടായിരുന്ന ഇന്ദിരാഗാന്ധി ആവാസ് യോജന പദ്ധതി പരിഷ്കരിച്ചാണ് പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി ആയി മാറ്റിയതെന്നും കേന്ദ്ര സർക്കാർ വിഹിതമായ 72,000 രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 48,000 രൂപയും ചേർന്ന 1,20,000 രൂപയാണ് ഒരു വീടിന്റെ യൂണിറ്റ് ചെലവെന്നും ഗ്രാമവികസന കമ്മീഷണർ-ഇൻ-ചാർജ്ജ് ആമുഖമായി അറിയിച്ചു.

കേരളത്തിൽ ലൈഫ് പദ്ധതിയുമായി ചേർന്ന് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6,00,000 രൂപയുമാണ് നൽകുന്നതെന്നും ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയ്ക്ക് പുറമേയുള്ള തുക സംസ്ഥാന സർക്കാർ ലൈഫ് മിഷനിൽ നിന്നും നൽകുന്നുണ്ടെന്നും കേന്ദ്രവിഹിതമായ 72,000 രൂപയ്ക്ക് അധികം വരുന്ന 3,28,000 രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നതെന്നും ഗ്രാമവികസന കമ്മീഷണർ-ഇൻ-ചാർജ്ജ് അറിയിച്ചു.

2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ ഭാഗമായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കിയാണ് ആളുകളെ തെരഞ്ഞെടുക്കുന്നതെന്നും പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ പറയുന്ന 13 ഒഴിവാക്കൽ മാനദണ്ഡങ്ങൾ (ടെലിവിഷൻ, ലാന്റ് ഫോൺ, ടൂവീലർ തുടങ്ങിയവ) കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതിക്ക് യോജിച്ചതല്ലെന്നും ആയതിനാൽ അർഹരായവരുടെ എണ്ണം കേരളത്തിൽ കുറവാണെന്നും കമ്മീഷണർ-ഇൻ-ചാർജ്ജ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 42431 ഗുണഭോക്താക്കളെ പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതിയിൽ കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയെന്നും അതിൽ 15633 വീടുകൾ പൂർത്തീകരിക്കാനും 16977 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിക്കാനും മാത്രമേ സാധിച്ചുള്ളൂവെന്നും ഗുണഭോക്താക്കളെ ലഭ്യമാകാത്ത അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതിന്റെ ഫലമായി സെക്ക് ലിസ്റ്റിന് (Socio-economic Caste Census) പുറമെ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്ന് യോഗത്തിൽ അറിയിച്ചു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ 'ആവാസ് പ്ലസ് ' മൊബൈൽ ആപ്ലിക്കേഷൻ മുഖേന ജിയോ ടാഗ് ചെയ്ത് ഒരു മാസം കൊണ്ട് 3,11,700 പേരെ ഗുണഭോക്താക്കളായി ചേർത്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ കേന്ദ്രസർക്കാർ ഇ-വെരിഫിക്കേഷൻ നടത്തി ഗ്രാമസഭയിൽ വീണ്ടും പരിശോധിച്ചതിനുശേഷം യഥാർത്ഥ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമെന്നും അതിൻ പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്താനാകുമെന്നും കമ്മീഷണർ ഇൻ- ചാർജ്ജ് അറിയിച്ചു.

പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതിക്ക് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് സമിതി ആരാഞ്ഞു. ദേശീയതലത്തിലുള്ള മാനദണ്ഡം ആയതിനാൽ മാറ്റം വരുത്താൻ സാധിക്കില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുള്ളതെന്ന് കമ്മീഷണർ- ഇൻ- ചാർജ്ജ് വിശദമാക്കി.

പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെട്ടവർ ലൈഫ് മിഷനിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് പൂർത്തിയായിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകൾക്കായിരിക്കെ വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞു. മുൻകാലങ്ങളിൽ അതത് വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ വകുപ്പുകൾ തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗ്രാമസഭകളെ അറിയിക്കുകയാണ് ചെയ്തിരുന്നതെന്നും പട്ടികയിൽ അർഹതയില്ലാത്തവർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ ഗ്രാമസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

വീട് ലഭിക്കാത്തത് സംബന്ധിച്ച് എത്ര പരാതികൾ കളക്ടർമാർക്ക് ലഭിച്ചിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന്, ലൈഫ് മിഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ പരാതിയുള്ള പക്ഷം മൂന്ന് അപ്പീലിനുള്ള അവസരം ഉണ്ടെന്നും ലൈഫ് മിഷനുമായി ബന്ധപ്പെട്ട 1,80,000 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും ഒരു ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ, തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം, കൂട്ടുകുടുംബത്തിലുള്ളവർക്ക് അവരുടെ പേരിലേയ്ക്ക് വസ്തു മാറ്റി കൊടുക്കാത്തത് തുടങ്ങി നിരവധി കാരണങ്ങളാൽ എഗ്രിമെന്റ് വയ്ക്കാൻ കഴിഞ്ഞില്ലെന്നും ആദ്യത്തെ സർവ്വേയിൽ വിട്ടുപോയിട്ടുള്ളവർക്ക് ആർ.ഡി.ഒ.-യ്ക്കും ജില്ലാ കളക്ടർക്കും അപ്പീൽ കൊടുക്കാനുള്ള അവസരം നൽകിയിരുന്നതായും അർഹതയുള്ളവർ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ കൂടി ഉൾപ്പെടുത്തി പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയ ശേഷമാണ് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നും 100% കൃത്യത ഇക്കാര്യത്തിൽ ലഭിക്കില്ലെന്നും കാരണം സർവ്വേ നടത്തിയതിനുശേഷം ഭവനരഹിതരായവരുണ്ടെന്നും ഇത് തുടർച്ചയായ പ്രക്രിയ എന്ന നിലക്ക് പോകാമെന്നല്ലാതെ നടപടി അവസാനിപ്പിക്കാൻ സാധിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

റേഷൻ കാർഡ് ഒരു യൂണിറ്റായി എടുക്കുമ്പോൾ അതിൽ രണ്ടോ മൂന്നോ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഓരോ കുടുബത്തിനും വീട് കൊടുക്കാൻ സാധിക്കാതെ വന്നപ്പോൾ റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻ കാർഡ് എടുത്തശേഷം റേഷൻ കാർഡും ഭൂമിയും ഉണ്ടെന്ന് കാണിച്ച് രണ്ടാം ഘട്ടത്തിൽ ആളുകൾ നൽകിയ അപേക്ഷകളിൽ പഞ്ചായത്തുകളും ലൈഫ് മിഷനും അംഗീകരിച്ച പട്ടിക നിലവിലുണ്ടെന്നും ലൈഫ് മിഷന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 1,84,000 ഗുണഭോക്താക്കളിൽ 84,000 പേർ മാത്രമാണ് എഗ്രിമെന്റ് വച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി. ഡാറ്റാബാങ്കിൽ ഇല്ലാത്ത സ്ഥലമോ തണ്ണീർത്തടമോ ആണെങ്കിൽ അവയ്ക്ക് അനുമതി കൊടുക്കാനുള്ള അധികാരം

പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാക്കിക്കൊണ്ടും മുന്നാധാരമില്ലാത്ത കേസ്സുകളിൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ എഴുതിക്കൊടുത്താൽ മതിയെന്നതരത്തിലുള്ള ഇളവുകൾ നൽകിക്കൊണ്ട് നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ചിട്ടുണ്ടെന്നും ലൈഫ് മിഷന്റെ ആദ്യഘട്ടത്തിലെ 95% വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു.

രണ്ടാംഘട്ടത്തിൽ എഗ്രിമെന്റ് വച്ചതിൽ കാര്യമായ പുരോഗതി ഉണ്ടെന്നും ഹഡ്കോയിൽ നിന്ന് വായ്പ എടുത്ത് 3 ഗഡു തുക കൊടുത്ത് കഴിഞ്ഞെന്നും ചില പഞ്ചായത്തുകൾ മറ്റ് പദ്ധതികൾക്കായി ഉദ്ദേശിച്ചിരുന്ന വിഹിതം കൂടി പ്രയോജനപ്പെടുത്തി വീട് പണി പൂർത്തീകരിച്ച് വരുന്നുണ്ടെന്നും സർക്കാറിന്റെ കണക്കനുസരിച്ച് നാലായിരത്തിലേറെ വീടുകൾ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി തീരുമാനിച്ചു.

<u>പി.എം.ജി.എസ്.വൈ. (പ്രധാൻ മന്ത്രി ഗ്രാമ സഡക്ക് യോജന)</u>

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി ഇന്ത്യ ഗവൺമെന്റ് ഗ്രാമവികസന മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് പി.എം.ജി.എസ്.വൈ. റോഡുബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയിലും ഉപയോഗപ്രദമായ റോഡ് മുഖേന ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന തലത്തിൽ രൂപീകരിച്ച കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് ചീഫ് എഞ്ചിനീയർ (സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി) വിശദീകരിച്ചു.

കേന്ദ്രസർക്കാർ അംഗീകരിക്കുന്ന പദ്ധതികളുടെ മുഴുവൻ തുകയുടെ 40% സംസ്ഥാന സർക്കാറാണ് വഹിക്കുന്നത്. അധിക ടെണ്ടർ പ്രീമിയം, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുടങ്ങിയ അഞ്ച് വർഷത്തെ മെയിന്റനൻസും സംസ്ഥാന സർക്കാർ വഹിക്കണമെന്നും മൊത്തം പ്രോഗ്രാം ഫണ്ട്, അഡ്മിനിസ്ട്രേഷൻ ഫണ്ട് (2.25%തുക) എന്നീ വിഭാഗങ്ങളിലാണ് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. നിലവിൽ തുക അനുവദിച്ചിരിക്കുന്നത് പി.എം.ജി.എസ്.വൈ-I, പി.എം.ജി.എസ്.വൈ-II, എന്നിവയ്ക്കാണെന്നും പി.എം.ജി.എസ്.വൈ-I-ൽ 2000-2001 മുതൽ 2015-2016 വരെ 8 ഘട്ടങ്ങളിലായി 3187.184 കി.മീ. ദൈർഘ്യം വരുന്ന 1336 റോഡുകൾ അനുവദിച്ചതിൽ 3056.013 കി.മീ. ദൈർഘ്യം വരുന്ന 1293 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പൂർത്തീകരിക്കാത്ത 43 റോഡുകളിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന 24 റോഡുകളുണ്ട്. രണ്ട് റോഡുകളുടെ നിർമ്മാണം കോടതി നടപടികളുമായി ബന്ധപ്പെട്ടും

രണ്ടെണ്ണം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും രണ്ട് റോഡുകൾ എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികളാലും ആരംഭിക്കാനായിട്ടില്ലെന്ന് ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. രണ്ട് റോഡുകൾ റീ-ടെണ്ടർ ചെയ്യേണ്ട സ്ഥിതിയിലാണെന്നും 11 റോഡുകൾ നിലവാര മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

പി.എം.ജി.എസ്.വൈ-II-ൽ 2016-17 മുതൽ 2018-19 വരെയുള്ള 588.898 കി.മീ. ദൈർഘ്യം വരുന്ന 154 റോഡുകൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 410.758 കി.മീ. ദൈർഘ്യം വരുന്ന 75 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 79 റോഡുകളിൽ 69 എണ്ണത്തിന്റെ നിർമ്മാണം പുരോഗതിയിലാണെന്നും 8 റോഡുകൾ റീ-ടെണ്ടർ ഘട്ടത്തിലാണെന്നും നിലവാര മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ രണ്ട് റോഡുകൾ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്ന ഘട്ടത്തിലുമാണെന്ന് ചീഫ് എഞ്ചിനീയർ, അറിയിച്ചു.

പി.എം.ജി.എസ്.വൈ-I-ൽ ഉപേക്ഷിച്ച റോഡുകൾക്ക് പകരമായി 118.451 കി.മീ. ദൈർഘ്യം വരുന്ന 33 റോഡുകൾക്ക് അംഗീകാരം കിട്ടിയതിൽ 2 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 27 റോഡുകൾ നിർമ്മാണ പുരോഗതിയിലാണെന്നും ഒരു റോഡിന് വനം വകുപ്പിന്റെ അനുമതിയും ഒരു റോഡിന് ടെണ്ടർ എക്സസും ലഭിക്കേണ്ടതുണ്ടെന്നും ഒരു റോഡിന് സ്ഥലം ലഭിക്കാത്തതിനാലും ഒരു റോഡ് മലയോര ഹൈവേ വരുന്നതു മൂലവും ഒഴിവാക്കാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

പി.എം.ജി.എസ്.വൈ-I-ൽ 79 റോഡുകൾക്ക് പകരം 33 റോഡുകൾക്ക് സാഗി (സൻസദ് ആദർശ് ഗ്രാമ യോജന) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചത് മുൻവർഷങ്ങളിൽ വിവിധ കാരണങ്ങളാൽ ചെയ്യാൻ കഴിഞ്ഞില്ലെന്ന് സമിതി നിരീക്ഷിച്ചു. അതേ പ്രവൃത്തിക്ക് രണ്ടാമത് പ്രൊപ്പോസൽ സമർപ്പിച്ചപ്പോഴും പഴയ തടസ്സങ്ങൾ ആവർത്തിക്കുന്നതെന്തുകൊണ്ടാണ് സമിതി ആരാഞ്ഞു. ഏതാനും റോഡുകൾ ഒഴികെ ബാക്കിയെല്ലാ റോഡുകൾക്കും അനുമതി ലഭിച്ചുവെന്നും തിരുവനന്തപുരം ജില്ലയുടെ കാര്യത്തിൽ അമ്പൂരി വനപ്രദേശവും വന്യജീവി സങ്കേതവും ആയതിനാലാണ് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നതെന്നും അട്ടപ്പാടിയിൽ മുടങ്ങി കിടന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, അറിയിച്ചു.

തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്കിൽ ടൈൽ ഫാക്ടറി കാട്ടുവിള-കരുനൊച്ചി റോഡ് 10 വർഷത്തിന് മുമ്പ് കരാർ നൽകിയെങ്കിലും മെറ്റലിംഗ് മാത്രം നടത്തി ജനങ്ങൾക്ക് നടക്കാനാകാത്ത വിധം ദുരിതത്തിലാക്കിയതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്തതായും വർക്കിന്റെ കുറച്ചുഭാഗം ഉപേക്ഷിക്കുകയും ബാക്കിയുള്ളവ റിസ്ക് ആന്റ് കോസ്റ്റിൽ റീ- ടെണ്ടർ

ചെയ്യുകയും പിന്നീട് വന്ന കരാറുകാരൻ കൂടുതൽ തുക ക്വാട്ട് ചെയ്ത് അനുമതിക്കായി ഗവൺമെന്റിലേയ്ക്ക് അയച്ചെങ്കിലും കാലാവധി കഴിഞ്ഞതിനാൽ ഒഴിവായതായും പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇപ്പോഴുള്ള റേറ്റിൽ എസ്റ്റിമേറ്റ് എടുക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതായും ചീഫ് എഞ്ചിനീയർ അറിയിച്ചു.

ടെണ്ടർ എടുത്തശേഷം പണി ചെയ്യാതിരുന്നാൽ കരാറുകാരനെതിരെ എന്ത് നടപടിയാണ് എടുക്കുന്നതെന്നും കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, കരാറുകാരന് നോട്ടീസ് നൽകുകയാണ് ആദ്യ നടപടിയെന്നും ശേഷം അവരുമായി ചർച്ച ചെയ്യുകയും അതും നടപ്പായില്ലെങ്കിൽ ടെർമിനേഷൻ നടപടിയിലേയ്ക്ക് നീങ്ങുമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. കരാർ പ്രകാരം ബാലൻസ് വർക്കിന്റെ 200% നഷ്ടം എന്ന രീതിയിൽ ഈടാക്കാൻ വ്യവസ്ഥയുണ്ടെങ്കിലും പലതും കോടതി വ്യവഹാരത്തിലേക്ക് നീങ്ങുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു. സിവിൽ കേസായതിനാൽ മിക്കവയും നീണ്ടുപോകുന്നതിനാൽ കൃത്യമായി സൂപ്പർവൈസ് ചെയ്ത് തടസ്സങ്ങൾ നീക്കുന്നതായിരിക്കും അഭികാമ്യം എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

പി.എം.ജി.എസ്.വൈ.-യിൽ വരുന്നത് സ്ഥിരം കരാറുകാരായതിനാൽ ഏറ്റെടുത്ത ജോലി പാതിവഴിയിൽ ഉപേക്ഷിച്ച് പോയാൽ അവരെ കരിമ്പട്ടികയിൽപ്പെടുത്തി പിന്നീടുള്ള വർക്ക് കൊടുക്കാതിരുന്നു കൂടെ എന്ന് സമിതി ആരാഞ്ഞതിന്, ആയതിന് തടസ്സങ്ങൾ ഒന്നുമില്ലെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

2016 കാലയളവിലും മറ്റും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും ശ്രദ്ധക്കുറവുമൂലവും കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുകയും ബില്ലുകൾ പാസാക്കാതിരിക്കുകയും ചെയ്യുമായിരുന്നെന്നും കൂടാതെ പലവർക്കുകളും ചെയ്ത് കഴിഞ്ഞാൽ പാർട്ട് ബില്ലോ പ്രോഗ്രസ്സ് അനുസരിച്ചുള്ള ബില്ലോ കൊടുക്കുമായിരുന്നില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. എഞ്ചിനിയർമാരുടെ സ്ഥലമാറ്റവും പി.ഡബ്ല്യു.ഡി/തദ്ദേശസ്വയംഭരണ വകുപ്പുകളുടെ റോഡുകളുടെ വർക്കിന്റെ രീതിയിൽ PMGSY വർക്കുകളെ കണ്ടതുമാണ് പ്രശ്നങ്ങൾക്കിടയാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കുറച്ചെങ്കിലും പുരോഗതി കൈവരിച്ചത് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ആയിരുന്നെന്നും ആവശ്യാനുസരണം തുകയും അഞ്ച് വർഷത്തെ വാറന്റി റിപ്പയറിംഗും ഉള്ളതിനാൽ റോഡുകൾ നല്ല നിലയിലാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

വാറന്റി വർക്കുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണോ നടക്കുന്നതെന്നും മോണിറ്റർ ചെയ്യുന്നതാരാണെന്നും സമിതി ആരാഞ്ഞതിന്, അഞ്ച് വർഷം വരെയുള്ള അറ്റകുറ്റപ്പണികൾ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയാണ് ചെയ്യുന്നതെന്നും അതിനുശേഷം ജില്ലാ പഞ്ചായത്തുകൾക്ക് മാറ്റി കൊടുക്കാറുണ്ടെന്നും ഓരോ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിലാണ് വർക്ക് നടക്കുന്നതെന്നും അവ നിരീക്ഷിക്കാറുണ്ടെന്നും ചീഫ് എഞ്ചിനീയർ, അറിയിച്ചു.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കാൻ കഴിയില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, കൃഷി ആവശ്യത്തിന് വേണ്ടിയുള്ള റോഡാണിതെന്നും നിലവിൽ പത്തനംതിട്ടയിൽ അങ്ങനെയൊരു പ്രവൃത്തി നടക്കുന്നുണ്ടെന്നും ട്രാഫിക്ക് പ്രശ്നങ്ങൾ ഉള്ളതിനാൽ നാല് ദിവസത്തെ പഠനം നടത്തി ഉറപ്പാക്കിയതിന് ശേഷമാണ് പ്രവർത്തി തുടങ്ങിയതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

നടപ്പുസാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി 5 കി.മീ. താഴെയുള്ള റോഡുകൾ ചെയ്യാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന്, ഇപ്പോൾ പി.എം.ജി.എസ്.വൈ.-III-യുടെ അംഗീകാരത്തിനുള്ള സമയമാണെന്നും അതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ 5 കിലോ മീറ്ററോ അതിൽ കൂടുതലോ ഉള്ള റോഡുകളെ കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നതെന്നും മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിൽ വന്ന ശേഷം 2 കി.മീ. ആക്കി മാറ്റണമെന്നുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധന അനുസരിച്ച് മിനിമം 8 മീറ്റർ വേണമെന്നാണെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ 6 മീറ്ററിനും അനുമതി നൽകുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ, വ്യക്തമാക്കി.

ജില്ലാ പഞ്ചായത്തുകൾക്കുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡുകൾ ചെയ്യാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന്, ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സ് മാനദണ്ഡമനുസരിച്ച് കയറ്റത്തിന് 1 in 12.5 മീറ്ററാണ് അനുവദിച്ചിട്ടുള്ളതെന്നും കേരളത്തിൽ 1 in 10 മീറ്റർ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ 1-in 8 മീറ്ററായി കുറച്ച് ചെയ്യാറുണ്ടെന്നും കുന്നുകൾ നിറഞ്ഞ പ്രദേശമായ ഇടുക്കിയിൽ ഇത് പ്രശ്നമാകാറുണ്ടെന്നും ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. കേന്ദ്രത്തിൽ പുതിയ സർക്കാർ വരുന്നതനുസരിച്ച് പുതിയ റോഡുകൾക്കുള്ള പ്രൊപ്പോസൽ നൽകാൻ കഴിയുമെന്നും 2500 കി.മീറ്ററാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം അറിയിച്ചു.

'1 in 8' എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, ഒരു റോഡിന്റെ 8 മീറ്റർ നീളത്തിന് പരമാവധി കയറ്റം ഒരു മീറ്റർ ആയിരിക്കണം എന്നാണ് 1/8 എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്നും 12.5 മീറ്റർ നീളത്തിൽ ഒരു മീറ്റർ

ഉയരം മാത്രമേ പാടുള്ളൂ എന്നാണ് ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ കണക്കെന്നും മലയോര മേഖലയിൽ 12.5 ശതമാനം എടുക്കാറുണ്ടെന്നും പി.ഡബ്ല്യു.ഡി. റോഡുകളുടെ അളവിലാണ് കണക്കാക്കുന്നതെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും കേരളത്തിൽ ഇടനാടും തീരപ്രദേശവും ഒഴികെ എല്ലായിടത്തും സ്ലോപ്പ് ഉണ്ടാകുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി പി.എം.ജി.എസ്.വൈ. പദ്ധതിക്കായി 12 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ 24 പ്രവർത്തികൾ ടെണ്ടർ ചെയ്തു. തെരഞ്ഞെടുപ്പിന് മുമ്പ് 18 പ്രവൃത്തികൾക്ക് കൂടി ടെണ്ടർ ലഭിച്ചിരുന്നു. അതിൽ 9 എണ്ണത്തിന്റെ ടാറിംഗ് കഴിഞ്ഞു. 6 എണ്ണം റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഭൗതിക, സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്ന ഇൻസെന്റീവ് 5.11 കോടി രൂപ കഴിഞ്ഞ വർഷം ലഭിച്ചിരുന്നു. ആയത് മെയിന്റനൻസിനുവേണ്ടി മാത്രം ഉപയോഗിക്കുമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

<u>സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്മേൽ തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്</u>

(ഫയൽ നമ്പർ 1663/സബി.സി.ഡി1/18/നി.സെ.)

മാലിന്യ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയാൽ കേരളത്തിൽ മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെയേറെ പരിഹരിക്കാൻ സാധിക്കുമെന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ തുടർനടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് കുറച്ചുകൂടി സമയം അനുവദിക്കണമെന്നുമുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന സമിതി അംഗീകരിച്ചു.

2019 ജൂലൈ മാസം നടത്താനുദ്ദേശിക്കുന്ന സമിതിയുടെ അഖിലേന്ത്യ പഠന പര്യടന പരിപാടിയുടെ കരട് പ്രോഗ്രാം ഏഴ് ദിവസമാക്കി ചുരുക്കി ആൻഡമാൻ, സിക്കിം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി കൊൽക്കത്തയിൽ വച്ച് പിരിയുന്ന തരത്തിൽ പുനഃക്രമീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് 12:30-ന് പിരിഞ്ഞു.

<u>27-6-2019-ലെ യോഗനടപടിക്കുറിപ്പ്</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2019 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച

വൈകിട്ട് 4.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗം ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്.
2. ശ്രീ. ബാബു കെ., അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
3. ശ്രീമതി കെ. എസ്. സുധ, അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
4. ശ്രീമതി സുപ്രഭ എസ്., അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരടും സമിതി പരിഗണിച്ചു.

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 6-ന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

II. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

1. പൊതുമരാമത്ത് വകുപ്പ്

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 7, 8, 9, 10, 11, 15, 16, 17, 20 എന്നിവ സമിതി പരിഗണിച്ചു. വിവിധ ധനാഭ്യർത്ഥനകൾക്കായി ബഡ്ജറ്റിലൂടെ അനുവദിക്കുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് ധനാഭ്യർത്ഥനകളുടെ പരിശോധനയിലൂടെ സമിതി നിർവ്വഹിക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് സമിതി അധിക തുകയ്ക്ക് ശിപാർശ ചെയ്യുമ്പോൾ സാമ്പത്തിക വർഷം അവസാനിച്ച ശേഷം 'അധിക തുക ആവശ്യമായി വന്നില്ല' എന്ന രീതിയിലുള്ള മറുപടി നൽകുന്നത് ശരിയായ നടപടിയല്ലെന്നും സമിതി ചൂണ്ടിക്കാട്ടി. ഒരു ശീർഷകത്തിൽ അധിക തുകയ്ക്കുള്ള ആവശ്യം ബന്ധപ്പെട്ട വകുപ്പുകൾ സമിതി മുമ്പാകെ വയ്ക്കുന്നതിന് മുമ്പ് തുക ചെലവഴിക്കുന്നതിനുള്ള നടപടികൾക്കും ക്രമീകരണങ്ങൾക്കുമുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണെന്നും യാഥാർത്ഥ്യ ബോധത്തോടെയാകണം അധിക തുക ആവശ്യപ്പെടേണ്ടതെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തി. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പുമായി ബന്ധപ്പെട്ട 39 മുതൽ 47 വരെയുള്ള ശിപാർശകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കരട് റിപ്പോർട്ടുകളുടെ പരിഗണന

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2019 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരടും സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

## 25-9-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2019 സെപ്റ്റംബർ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 3-ബി സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. ഇ.കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. ജി.എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. എം.എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. യു.വി.ജോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
3. ശ്രീമതി കെ.എസ്. സുധ, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
4. ശ്രീ. പി.എസ്. ജയന്തൻ, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ.

കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതിന്റെ കാലതാമസം സംബന്ധിച്ച് ബഹു. സ്പീക്കർ പുറപ്പെടുവിച്ച റൂളിംഗ്, പ്രകാരം സമിതി തെളിവെടുപ്പ് നടത്തുകയും ലൈഫ് പദ്ധതിയുടെ പുരോഗതി നിയമസഭാ ചട്ടം 235 (എ) പ്രകാരം അവലോകനം ചെയ്യുകയുമുണ്ടായി.

**സമിതിയുടെ പരിഗണനയ്ക്കായി കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗ് പ്രകാരമുള്ള നടപടി**

(ഫയൽ നമ്പർ 3377/സബ്.സി.ഡി1/2019/നി.സെ.)

കരട് ചട്ടങ്ങൾ യഥാസമയം ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് 12-6-2019-ൽ ബഹു. സ്പീക്കർ പുറപ്പെടുവിച്ച റൂളിംഗ് സംബന്ധിച്ച് എല്ലാ സബ്ജക്ട് കമ്മിറ്റികളും തെളിവെടുപ്പ് യോഗങ്ങൾ നടത്തി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിക്കേണ്ടതാണെന്നും സമയക്കുറവ്മൂലം പ്രത്യേക യോഗം വിളിക്കാനുള്ള സാവകാശം ലഭിക്കാത്തതിനാൽ പ്രസ്തുത വിഷയം ഇന്നത്തെ യോഗത്തിൽ അജണ്ടക്ക് പുറത്തുള്ള വിഷയമായി പരിഗണിക്കാനും സമിതി തീരുമാനിച്ചു.

ചട്ടങ്ങൾ യഥാസമയം ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് ബഹു. സ്പീക്കർ പുറപ്പെടുവിച്ച റൂളിംഗിലെ നിർദ്ദേശങ്ങൾക്ക് വകുപ്പ് സെക്രട്ടറിമാർ പ്രത്യേക പരിഗണന നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം നിയമ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പ് സെക്രട്ടറിമാർ വിളിച്ച് ചേർക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടുത്ത് വരുന്ന സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതിനാൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ രേഖാമൂലം അറിയിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ടിലും 2014-ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലും മാലിന്യ സംസ്കരണം സംബന്ധിച്ച ഭേദഗതികളാണുള്ളതെന്നും ആയതിന്മേലുള്ള ചട്ടങ്ങളുടെ കരട് 15 ദിവസത്തിനുള്ളിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം സമിതിക്ക് നൽകുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. 2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്ടിന്റെ കരട് ചട്ടം തയ്യാറായിട്ടുണ്ടെന്നും നിയമവകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം അവ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. സമിതിയുടെ പരിഗണനയ്ക്ക് നൽകാൻ ബാക്കിയുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ഒക്ടോബർ മാസംതന്നെ സമർപ്പിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ഉറപ്പു നൽകി.

**ലൈഫ് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച അവലോകനം**

ലൈഫ് മിഷൻ പദ്ധതി നാല് ഘട്ടങ്ങളായാണ് തരംതിരിച്ചിട്ടുള്ളതെന്നും ഒന്നാംഘട്ടത്തിൽ 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് വിവിധ പദ്ധതികളിലൂടെ പണി ആരംഭിച്ച് പൂർത്തീകരിക്കാത്ത വീടുകൾക്കും രണ്ടാംഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്കും മൂന്നാം ഘട്ടത്തിൽ ഭൂരഹിത-ഭവനരഹിതർക്കും നാലാംഘട്ടത്തിൽ വാസയോഗ്യമല്ലാത്ത വീടുകളുടെ

അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. നാലാം ഘട്ടത്തിലുള്ള പ്രവൃത്തികൾ ഇപ്പോൾ ഏറ്റെടുക്കുന്നില്ലെന്നും ആദ്യത്തെ മൂന്നുഘട്ട പ്രവർത്തനങ്ങളാണ് ലൈഫ് മിഷൻ ഏറ്റെടുത്ത് മുന്നോട്ട് പോകുന്നതെന്നും ഒന്നാം ഘട്ടത്തിൽ 66257 വീടുകൾ പൂർത്തീകരിക്കാനുണ്ടായിരുന്നതിൽ പരിശോധന നടത്തി ഇരട്ടിപ്പുള്ളത് ഒഴിവാക്കിയപ്പോൾ 54290 വീടുകളായി ചുരുങ്ങിയെന്നും ഇതിൽ 51704 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള സമയം 2019 മാർച്ച് 31 വരെ ആയിരുന്നെങ്കിലും പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുകയാണെന്നും ഇനിയും 2586 വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും അതിൽ 1511 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് കൊണ്ടിരിക്കുകയാണെന്നും 1075 വിടുകൾ വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും ഗുണഭോക്താക്കളുടെ താൽപ്പര്യക്കുറവും മറ്റ് ചില പ്രശ്നങ്ങളും മൂലമാണ് വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്തതെന്നും 98 ശതമാനം പുരോഗതി ഇക്കാര്യത്തിൽ കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ വഴിയാണ് ധനസഹായം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതെന്നും അദ്ദേഹം അറിയിച്ചു. ഒന്നാം ഘട്ടത്തിൽ വിവിധ വകുപ്പുകളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും 662.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

രണ്ടാം ഘട്ടത്തിൽ, 173837 ഗുണഭോക്താക്കളെയാണ് സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളത്. ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ 31-7-2017-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു റേഷൻ കാർഡിന് ഒരു വീട് എന്ന നിലയിലും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിക്കാരോ അത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങൾ, വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങൾ, ഗ്രാമ പഞ്ചായത്തുകളിൽ 25 സെന്റ് സ്ഥലമോ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെ ഭൂമിയോ സ്വന്തമായുള്ള കുടുംബങ്ങൾ, ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങൾ എന്നിവരെ ഒഴിവാക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

സ്വന്തമായി ഭൂമിയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഭൂപരിധിയിൽ നിന്ന് നേരത്തെതന്നെ ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച 173837 പേരിൽ മുകളിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം രേഖ പരിശോധിച്ചപ്പോൾ 97,538 ഗുണഭോക്താക്കൾ

മാത്രമാണ് അർഹരായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും 97.538 ഗുണഭോക്താക്കളിൽ 88,810 പേരാണ് ബിൽഡിംഗ് പെർമിറ്റ് അടക്കം കിട്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് തുടർനടപടികളുമായി മുന്നോട്ട് പോയിട്ടുള്ളതെന്നും അതിൽ ഭൂമി സംബന്ധമായത്, സി.ആർ.ഇസഡ്, തണ്ണീർത്തടം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചാണ് അനുമതി കൊടുക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. അർഹരായിട്ടുള്ള എല്ലാ ഗുണഭോക്താക്കളെയും ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നല്ലരീതിയിലുള്ള ഇടപെടൽ ജില്ലാതലത്തിൽ നടക്കുന്നുണ്ടെന്നും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും സി.ആർ.ഇസഡ്, തണ്ണീർത്തടം പോലുള്ള വിഷയങ്ങളിലും ഡോക്യുമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും ജില്ലാ കളക്ടർമാർ ഇടപെട്ട് പരിഹാരം കണ്ടെത്താനായി നല്ല രീതിയിലുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു.

കരാറിലേർപ്പെട്ടിരിക്കുന്ന 88,810 പേരിൽ 86,804 പേരും ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും ഇതിൽ 38,475 ഗുണഭോക്താക്കൾ (43.32%) നിർമ്മാണം പൂർത്തീകരിച്ചവരും 46,542 പേർ റൂഫ് വരെയും 68,198 പേർ ലിന്റിൽ വരെയും പൂർത്തീകരിച്ചവരുമാണെന്നും രണ്ടുമാസം കഴിയുമ്പോഴേയ്ക്കും നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയായി വർദ്ധിക്കുന്നതാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ഗുണഭോക്താവിന് ധനസഹായമായി നൽകുന്നത്. മൂന്ന് ഏജൻസികൾ മുഖാന്തരമാണ് പണം നൽകുന്നത്. 4 ലക്ഷം രൂപയിൽ ആദ്യവിഹിതമായി 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനമാണ് കൊടുക്കുന്നത്. അതിനുവേണ്ടി പ്ലാൻ ഫണ്ടിന്റെ 20 ശതമാനംവരെ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും രണ്ടാമത്തെ വിഹിതം, ഒരു വീടിന് 2.2 ലക്ഷം രൂപ വീതം ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കൊടുക്കുന്നതാണെന്നും ഈ വായ്പത്തുക 15 വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനവും പലിശ സംസ്ഥാന ഗവൺമെന്റുമാണ് തിരിച്ചടയ്ക്കേണ്ടതെന്നും അതുകൊണ്ട് 2.2 ലക്ഷം രൂപയുടേയും ഉത്തരവാദി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. അർബൻ/റൂറൽ പ്രദേശങ്ങൾക്കുവേണ്ടി വായ്പത്തുകയായി 4,000 കോടി രൂപ ഹഡ്കോ അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയ്ക്ക് ആകെ 8 ഗഡുക്കളായി 3000 കോടി രൂപയുള്ളതിൽ 1500 കോടി രൂപ 4 ഗഡുക്കളായി വാങ്ങിക്കഴിഞ്ഞു. വായ്പ അനുവദിച്ചപ്പോൾ ഒരു ലക്ഷത്തി മുപ്പത്താറായിരം ഗുണഭോക്താക്കളെ ലക്ഷ്യം

വച്ചുവെങ്കിലും ഏകദേശം 88,000 ഗുണഭോക്താക്കൾ മാത്രമാണുണ്ടായിരുന്നത്. അതിൽ വന്ന വ്യത്യാസംകൊണ്ടാണ് 3000 കോടി രൂപ അനുവദിച്ചിട്ടും ചെലവ് 1500 കോടി രൂപയായി കുറഞ്ഞുപോയതെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വായ്പത്തുകയുടെ ഒരു ഗഡു 375 കോടി രൂപയാണ്. വായ്പാതുക ഡിമാന്റ് ചെയ്തതിൽ നിലവിൽ 50 കോടി രൂപയാണ് പെൻഡിംഗായിട്ടുള്ളതെങ്കിലും തദ്ദേശസ്വയംഭരണവകുപ്പ് 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. വായ്പ ലഭിക്കുന്നതിനുള്ള പ്രക്രിയയ്ക്ക് രണ്ടാഴ്ചത്തെ സമയം വേണ്ടിവരുമെന്നതിനാൽ അത് കഴിഞ്ഞ് 100 കോടി രൂപയെങ്കിലും വരുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം തുടർന്നറിയിച്ചു. അതുകൊണ്ട് രണ്ടാമത്തെ ഗഡുവിന്റെ കാര്യത്തിൽ പ്രശ്നമില്ല. ധനസഹായമായ 4 ലക്ഷം രൂപയിൽ മൂന്നാം ഗഡുവായ ഒരു ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. ആയത് ബഡ്ജറ്റ് വിഹിതമായാണ് നൽകുന്നത്. ഇത്തവണ ഗ്രാമീണ മേഖലയിൽ 381.62 കോടി രൂപ, നഗര മേഖല-175 കോടി രൂപ, പട്ടികജാതി വിഭാഗം -400 കോടി രൂപ, പട്ടികവർഗ്ഗ വിഭാഗം-102 കോടി രൂപ എന്നിങ്ങനെ നാല് ഇനങ്ങളിലായാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് നീക്കിവെച്ചിട്ടുള്ളത് 556.62 കോടി രൂപയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആവശ്യമായ മുഴുവൻ തുകയും ചെലവഴിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്നും 556.62 കോടി രൂപയിൽ നിന്നാണ് 70000-ൽപ്പരം പൊതുവിഭാഗ ഗുണഭോക്താക്കൾക്കുള്ള തുക ചെലവഴിക്കേണ്ടതെന്നും ആയതിൽ 425 കോടി രൂപ ഇപ്പോൾ സംസ്ഥാന വിഹിതമായിട്ടുണ്ടെന്നും ഇതുവരെ ഉണ്ടായിരുന്ന ഡിമാന്റ് മുഴുവൻ കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കി.

കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വായ്പയെടുത്ത് തിരിച്ചടച്ചാൽ സംസ്ഥാന വിഹിതത്തിൽ നിന്നും തുക കൊടുക്കാൻ സാധിക്കും. സംസ്ഥാന വിഹിതത്തിന്റെ കാര്യത്തിൽ തലേ മാസംവരെ യാതൊരു പ്രശ്നവുമുണ്ടായില്ലെന്നും എന്നാൽ ഇപ്പോഴത്തെ ഡിമാന്റായ 60 കോടി രൂപ കൊടുക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ നിന്നും തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിലുള്ള ബാക്കി സംസ്ഥാന വിഹിതം എത്രയുംവേഗം കൊടുത്താൽ മാത്രമേ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളുവെന്നും ഡിസംബർ-ജനുവരി മാസത്തോടെ രണ്ടാംഘട്ടപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

മൂന്നാം ഘട്ടത്തിൽ പി.എം.എ.വൈ. (അർബൻ) പദ്ധതി കേരളത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായാണ് നടത്തുന്നത്. ഇതിൽ 74,303 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് നിർമ്മാണം തുടങ്ങിയതിൽ 24,800 പേർ (33.38%)വീട് നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. 4 ലക്ഷം രൂപ കൊടുക്കുന്നത് കൂടാതെ രണ്ടാംഘട്ട ഗുണഭോക്താക്കൾക്കുവേണ്ടി പലതരത്തിലുള്ള സഹായങ്ങളും മിഷൻ നേരിട്ട് ചെയ്യുന്നുണ്ട്. അവർക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള തൊഴിൽ ദിനങ്ങൾ ഉപയോഗിക്കാനും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള 'കലവറ'യിലൂടെ കമ്പിയും സിമന്റും ഡിസ്കൗണ്ടോടുകൂടി കൊടുക്കാനും സാധിക്കുന്നുണ്ട്. ഇതു കൂടാതെ, ദേശീയതലത്തിൽ പ്രധാനപ്പെട്ട ബിൽഡിംഗ് മെറ്റീരിയൽസ് സപ്ലയേഴ്സുമായി ഡിസ്കൗണ്ട് റേറ്റിൽ ഗുണഭോക്താവിന് നേരിട്ട് ബെനിഫിറ്റ് കിട്ടുന്ന തരത്തിലുള്ള ഓഫർ ലഭിക്കുന്നവിധം അവരുമായി നെഗോഷ്യേറ്റ് ചെയ്തിട്ടുണ്ടെന്നും 40 മുതൽ 60 ശതമാനം വരെ വിലകുറച്ചാണ് നിർമ്മാണ സാമഗ്രികൾ നൽകുന്നതെന്നും ഗുണഭോക്താവാണെന്നതിന് ഐഡന്റിറ്റി കാർഡ് മാത്രമാണ് പരിശോധന നടത്താനുള്ള സംവിധാനമായുള്ളതെന്നും. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു.

നിലവിൽ കൂടുതൽ ചർച്ച ചെയ്യുന്നതും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കാണ്. തലേമാസം സംസ്ഥാനതല കർമ്മ സമിതി യോഗം ചേർന്നു. 12 ജില്ലകളിലെ ജില്ലാതല കർമ്മ സമിതികളുടെ യോഗങ്ങൾ സെപ്റ്റംബർ 25-ന് അവസാനിക്കുമെന്നും കോട്ടയം, പത്തനംതിട്ട ജില്ലകളിലെ യോഗങ്ങൾ സെപ്റ്റംബർ മാസം 30-ാം തീയതി നടത്താൻ നിശ്ചയിച്ചിരിക്കുകയാണെന്നും ഗവൺമെന്റ് അഡ്വൈസർമാരോടൊപ്പം എല്ലാ ജില്ലകളിലും എം.എൽ.എ.മാർ ഉൾപ്പെടെയുള്ളവർ ഇതിൽ പങ്കെടുക്കുന്നുണ്ടെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. മൂന്നാംഘട്ടത്തിലെ ആദ്യ പട്ടികയിൽ 3,37,416 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. രണ്ടാംഘട്ടത്തിന്റെ മാർഗ്ഗരേഖയിലെ സ്ഥലത്തിന്റെ കാര്യമൊഴിച്ചുള്ള മാനദണ്ഡങ്ങൾ മൂന്നാം ഘട്ടത്തിനും ബാധകമാണ്. സെപ്റ്റംബർ 30 വരെയാണ് വെരിഫിക്കേഷനുള്ള സമയം കൊടുത്തിരിക്കുന്നത്. അത് കഴിഞ്ഞാൽ മാത്രമേ ഓരോ ജില്ലയിലും ഓരോ സെഗ്മെന്റിലും എത്ര കുടുംബങ്ങൾ വരുമെന്ന് അറിയാൻ സാധിക്കുകയുള്ളുവെന്നും ആദ്യ പട്ടികയിൽത്തന്നെ പുതിയ റേഷൻ കാർഡുള്ളവരും ഒരു റേഷൻ കാർഡിൽ പല കുടുംബങ്ങളുള്ളവരും വരുമാനം സംബന്ധിച്ച പ്രശ്നങ്ങളുള്ളവരുമുണ്ടായിരുന്നതിനാൽ അന്തിമ പട്ടികയുടെ പ്രക്രിയ നടന്നുവരികയാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു.

നടപ്പു വർഷം ഇടുക്കി ജില്ലയിലെ അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഫ്ലാറ്റിൽ അവിടത്തെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ ആളുകളെയും (163 കുടുംബങ്ങളെ) മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞു. ബാക്കിയുള്ള അപ്പാർട്ടുമെന്റിലേയ്ക്ക് അടുത്ത പഞ്ചായത്തുകളിലെ ഭൂരഹിത ഭവനരഹിതരെ താമസിപ്പിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും തൊഴിൽ വകുപ്പിന്റെ കീഴിൽ 'ഭവനം

ഫൗണ്ടേഷൻ' നിർമ്മിച്ച അടിമാലിയിലെ ഏഴുനില കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. റസിഡന്റ്സ് അസോസിയേഷൻ രൂപീകരിച്ച് അവരുടെ പ്രശ്നങ്ങൾ അവിടെത്തന്നെ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെന്നും പ്രശ്നങ്ങൾ പഞ്ചായത്തുതലത്തിലും അവിടെ കഴിയാത്തത് സ്റ്റേറ്റ് തലത്തിലും കൈകാര്യം ചെയ്യുന്നുണ്ടെന്നും ഈ വർഷം 84 പുതിയ ഫ്ലാറ്റുകൾ കൂടി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിൽ 14 ഫ്ലാറ്റുകൾക്കുള്ള ടെണ്ടർ നൽകികഴിഞ്ഞതായും ഈ ഫ്ലാറ്റുകൾ പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് ചെയ്യുന്നതെന്നും അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ 6 മാസം വേണമെന്ന് പറയുന്നുണ്ടെങ്കിലും 4 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നതെന്നും ടെണ്ടർ പ്രോസസ്സ് കഴിഞ്ഞതിനാൽ ഒരു മാസത്തിനകം നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ലൈഫ് മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മലപ്പുറത്തുനടന്ന യോഗത്തിൽ പെരുമ്പടപ്പ് പഞ്ചായത്തിൽ ഒന്നര വർഷം മുമ്പ് 50 സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതായും നാളിതുവരെയായിട്ടും അവിടെ യാതൊരുവിധ നടപടികളുമുണ്ടായിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും വിശദമായ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സ്വകാര്യ വ്യക്തികളുടേതുമായി മുന്നൂറോളം സ്ഥലങ്ങൾ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി ലഭിച്ചെങ്കിലും എല്ലായിടത്തും കെട്ടിട നിർമ്മാണം സാധിക്കുകയില്ലെന്നും ഓരോ ജില്ലയിലും മൂന്നോ നാലോ കെട്ടിടങ്ങൾ എന്ന രീതിയിലാണ് ഇപ്പോൾ തുടങ്ങുന്നതെന്നും ആദ്യ ഘട്ടത്തിൽ 84 എണ്ണമാണ് ഐഡന്റിഫൈ ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. 84 ഭവന സമുച്ചയങ്ങളിൽ 14 എണ്ണം സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ജില്ലയിൽ ഒരു 'ഭവന സമുച്ചയം' എന്നുള്ള രീതിയിൽ (50 മുതൽ 100 വീടുകൾ വരെയുള്ള യൂണിറ്റുകൾ) ഓരോ ജില്ലയിലും ഓരോ സ്ഥലം തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ടെന്നും 58 സ്ഥലങ്ങളിലേയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും നടപ്പു വർഷം 85 ഭവന സമുച്ചയങ്ങളിലായി ഏകദേശം 8000-ത്തോളം വീടുകൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്ന് ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

രണ്ട് ലക്ഷത്തോളം വീടുകളുടെ നിർമ്മാണം ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്നും എന്നാൽ ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് മാത്രം

ഉപയോഗിച്ചുകൊണ്ട് എല്ലാവർക്കും വീട് കൊടുക്കാൻ സാധിക്കില്ലെന്നും ഇതിനുള്ള അവസാന ഘട്ടത്തിൽ എം.എൽ.എ.മാർ ഉൾപ്പെടെയുള്ളവരുടെ സഹായം ആവശ്യമാണെന്നും 500 സ്ക്വയർ ഫീറ്റുള്ള ഒരു യൂണിറ്റിന് 10 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും 5 കോടി രൂപയുണ്ടെങ്കിൽ 50 വീടുകളുള്ള ഒരു സമുച്ചയം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. ഗവൺമെന്റിനെ മാത്രം ആശ്രയിക്കാതെ ഈ ആവശ്യത്തിനായി മറ്റുള്ളവരുടെ സഹായവുംകൂടി ആവശ്യപ്പെടാമെന്നും നിലവിൽ ഭൂമി കണ്ടെത്തുന്നതിനാണ് മുൻഗണന കൊടുക്കുന്നതെന്നും ഭൂമിയുണ്ടെങ്കിൽ മാത്രമേ നിശ്ചിത സ്ഥലത്ത് വീട് നിർമ്മിച്ച് കൊടുക്കണമെന്ന് പറയാൻ സാധിക്കുകയുള്ളുവെന്നും ഒക്ടോബർ മാസത്തിൽ തന്നെ സ്ഥലം കണ്ടെത്താനുള്ള ശ്രമം നടക്കുന്നുണ്ടെന്നും ഇക്കാര്യത്തിൽ കളക്ടർമാർ നല്ല രീതിയിൽ ഇടപെടുന്നുണ്ടെന്നും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അർഹമായ മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ച് നൽകാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കി.

ഭൂമിയുള്ള ഭവനരഹിതരായ ഒരു ലക്ഷത്തോളം വരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപ വീതം നൽകുന്നതിന് 1000 കോടി രൂപ ആവശ്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 88,000 ഗുണഭോക്താക്കളെ കൂടാതെ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയില്ലാത്ത ഗുണഭോക്താക്കളും സ്വന്തമായി സ്ഥലം വാങ്ങിയവരും/തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സ്ഥലം ലഭിച്ചവരും രണ്ടാം ഘട്ടത്തിലേയ്ക്ക് വരുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യതൊഴിലാളികൾ എന്നീ മൂന്ന് വിഭാഗക്കാരുടെ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. അവർക്ക് റേഷൻ കാർഡോ 25 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടെന്നുള്ളതോ വിഷയമല്ല. അവരേയുംകൂടി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. ഏകദേശം ഒരുലക്ഷം ഗുണഭോക്താക്കളെയാണ് രണ്ടാംഘട്ടത്തിൽ പ്രതീക്ഷിക്കുന്നത്. ആയതിലേയ്ക്ക് ആയിരം കോടി രൂപ വേണം. ഹഡ്കോ ലോണിന്റെ പലിശ തിരിച്ചടവിനായി 150 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെങ്കിലും ഇതിനായി 180 കോടി രൂപയെങ്കിലും ആവശ്യമായി വരുമെന്നും ഭവന സമുച്ചയനിർമ്മാണത്തിന് നടപ്പു വർഷം 98.98 കോടി രൂപയാണ് ആവശ്യമായി വരുന്നതെന്നും ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത് 1278.98 കോടി രൂപയാണെന്നും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി നീക്കിവച്ച 502 കോടി രൂപ കഴിച്ച് പദ്ധതി നിർവ്വഹണത്തിനായി ലൈഫ് മിഷന്റെ കയ്യിൽ ബാക്കിയുള്ളത് 706 കോടി രൂപയാണെന്നും ഒരു ലക്ഷം രൂപ വീതമുള്ള സംസ്ഥാന വിഹിതം കൊടുക്കാനുള്ള തുകയായ 572 കോടി രൂപയാണ് അധികമായി വേണ്ടതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതിനുള്ള തുക ബഡ്ജറ്റിൽ നിന്നും കണ്ടെത്തുന്നത് ബുദ്ധിമുട്ടാണെന്നും അദ്ദേഹം അറിയിച്ചു.

ഹഡ്കോയിൽ നിന്നും 4000 കോടി രൂപയാണ് വായ്പ എടുത്തിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾക്ക് ഹഡ്കോ മുഖേനയുള്ള വായ്പാ വിഹിതമായ 2,20,000 രൂപ വീതം കൊടുക്കുന്നതിന് ഇത്രയും തുകയുടെ ആവശ്യം ഇല്ലാത്തതിനാൽ ഹഡ്കോ വായ്പയുടെ ബാലൻസ് തുക പുനഃക്രമീകരിച്ച് ലഭ്യമാക്കാനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഹഡ്കോയുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും മന്ത്രിതലത്തിലുള്ള ചർച്ചയാണ് ഇനി നടത്താനുള്ളതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പുതിയ ലോൺ എടുക്കുന്നതുപോലെ എഗ്രിമെന്റും മറ്റ് കാര്യങ്ങളും ആവശ്യമായി വരുമെന്നാണ് കരുതുന്നതെന്നും ടി തുക ലഭ്യമാവുകയാണെങ്കിൽ ബാക്കിയുള്ള ഗുണഭോക്താക്കളുടെ വീടുനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നും, ഇല്ലെങ്കിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടൽ ആവശ്യമായി വരുമെന്നും അദ്ദേഹം തുടർന്നറിയിച്ചു. രണ്ടാംഘട്ടത്തിൽ 43 ശതമാനം വീടുകൾ പൂർത്തീകരിച്ചെന്നാണ് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെങ്കിലും 75 ശതമാനത്തോളം വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം സർക്കാർ മേഖലയിൽ കൂടുതൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കണമെങ്കിൽ കൂടുതൽ തുക വേണ്ടി വരുമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു.

സംസ്ഥാന വിഹിതം ബഡ്ജറ്റിലൂടെ നൽകേണ്ടതിനുപകരം വീണ്ടും ലോൺ എടുക്കുന്നതിൽ അപാകതയുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. സംസ്ഥാന വിഹിതം ലഭിച്ചില്ലെങ്കിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കടബാധ്യത വർദ്ധിക്കും. ഹഡ്കോ 75 ശതമാനം ലോൺ തരുമ്പോൾ 25 ശതമാനം ഇംപ്ലിമെന്റിംഗ് ഏജൻസി കൊണ്ടുവരണമെന്ന വ്യവസ്ഥ പാലിക്കാനാകാതെ വരും. സർക്കാരിന്റെ വളരെ പ്രാധാന്യമുള്ള മിഷനുകളിലൊന്നായ ലൈഫ് മിഷൻ പദ്ധതിക്ക് സംസ്ഥാന വിഹിതത്തിന് ആവശ്യമായ ബഡ്ജറ്റ് വിഹിതം ഉയർത്തിനൽകണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

ലൈഫ് മിഷൻ ആരംഭിച്ചതിനുശേഷം ആദ്യ ഘട്ടത്തിൽ എത്ര വീടുകളാണ് പൂർത്തീകരിച്ചതെന്ന് ആരാഞ്ഞ സമിതി, രണ്ടാംഘട്ടത്തിൽ ഗ്രാമസഭ അംഗീകരിച്ച 1,73,000 ഗുണഭോക്താക്കളിൽ നിന്ന് 97538 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്ത തെന്നും ബാക്കിയുള്ള ആളുകൾക്ക് ഇപ്പോഴും വീട് ലഭിക്കുമെന്ന പ്രതീക്ഷയാണുള്ളതെന്നും നിരീക്ഷിച്ചു. ഒന്നാം ഘട്ടത്തിൽ പണി പൂർത്തീകരിക്കാത്തതായി കണ്ടെത്തിയ 54,290 ഗുണഭോക്താക്കളിൽ 51,704 ആളുകളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, വീട് ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത എല്ലാ അപേക്ഷകരെയും അക്കാര്യം അറിയിച്ചിട്ടുണ്ടെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം 66,257 എന്നും പൂർത്തീകരിക്കാനായി ബാക്കിയുണ്ടായിരുന്ന വീടുകളുടെ എണ്ണം 54,290 എന്നുമാണ് നോട്ടിൽ കാണുന്നതെന്ന് നിരീക്ഷിച്ച സമിതി ഈ കണക്കുകൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കാൻ ആവശ്യപ്പെട്ടു. 2016 മാർച്ച് 31-ന് മുമ്പ് ആരംഭിച്ച് വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാത്ത 66,257 ഗുണഭോക്താക്കളുടെ വീടുകളാണ് ഒന്നാം ഘട്ടത്തിൽ ഉണ്ടായിരുന്നതെന്നും ഇതിൽ വിവിധ പഞ്ചായത്തുകളും വകുപ്പുകളും രേഖപ്പെടുത്തിയതിൽ വന്ന ഇരട്ടിപ്പുകളും നേരത്തെ ലഭ്യമായ തുക ഉപയോഗിച്ച് പണി പൂർത്തീകരിച്ച വീടുകളും ഗുണഭോക്താക്കൾക്ക് താൽപര്യമില്ലെന്ന് അറിയിച്ച കേസുകളും ഒഴിവാക്കിയെന്നും പഞ്ചായത്തുകളും വകുപ്പുകളും അംഗീകരിച്ച വീടുകളുടെ എണ്ണമാണ് 54,290 എന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. അതിൽ 51,704 ഗുണഭോക്താക്കളുടെ വീടുകൾ മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിൽ എസ്.സി./എസ്.ടി/മത്സ്യത്തൊഴിലാളികൾ എന്നിവരെ മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ലൈഫ് മിഷൻ പദ്ധതിയിൽ ഒരു കാർഡിന് ഒരു വീട് എന്ന മാനദണ്ഡം ബാധകമാക്കിയപ്പോൾ ജനറൽ/എസ്.സി./എസ്.ടി./മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ നിന്നായി കുറച്ചുപേർ ഒഴിവാക്കപ്പെട്ടു. 25 സെന്റിൽ കൂടുതൽ സ്ഥലം കൈവശമുള്ളവരിൽ എസ്.ടി. വിഭാഗത്തെ മാത്രമേ മാനദണ്ഡത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ളുവെന്നും എസ്.ടി. വിഭാഗത്തിൽ വനാവകാശ നിയമപ്രകാരവും അല്ലാതെയും ഭൂമി ലഭിച്ചവരുണ്ടായിരുന്നെന്നും എസ്.സി./ഫിഷർമാൻ വിഭാഗങ്ങളിൽ 25 സെന്റിൽ കൂടുതൽ ഭൂമിയുള്ളവരുടെ എണ്ണം വളരെ കുറവായതിനാൽ അതിന്റെ പേരിലും ആരും ഒഴിവാക്കപ്പെട്ടിട്ടില്ലെന്നും റേഷൻ കാർഡിന്റെ കാര്യത്തിൽ മൂന്ന് വിഭാഗത്തെയും ഒഴിവാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിനായി 572 കോടി രൂപ കൂടി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

വീടിന് തറക്കല്ലിട്ട സ്ഥലങ്ങളിൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതിരുന്ന ചിറ്റൂർ മുനിസിപ്പാലിറ്റിയിൽ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്ന തടസ്സങ്ങളെല്ലാം നീക്കി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടെന്നും പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നതെന്നും നാല് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുന്നതാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പ്രീ ഫാബ് ഉപയോഗിച്ചുള്ള

കെട്ടിടം നിർമ്മിക്കുന്നതാരാണ്, അവർ ഏതെങ്കിലും കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടോ യെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഒരു നാഷണൽ ലെവൽ ഏജൻസിയാണ് പ്രവൃത്തി ചെയ്യുന്നതെന്നും പാലക്കാട് ഐ.ഐ.ടി. ഹോസ്റ്റൽ പ്രീഫാബ് മോഡലിൽ പ്രസ്തുത കമ്പനി നിർമ്മിച്ചതാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു.

എത്ര നിലയുള്ളതും എത്ര സ്ക്വയർ ഫീറ്റുള്ളതുമായ ഫ്ലാറ്റാണ് നിർമ്മിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, സാധാരണ മൂന്ന് നിലയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നതെന്നും ആലപ്പുഴയിൽ ഏഴ് നിലയുള്ള കെട്ടിടമാണ് പണിയുന്നതെന്നും പ്രസ്തുത കെട്ടിടം നിർമ്മിക്കാനായി Pile Foundation ആവശ്യമാണെന്നും Pile Foundation നടത്തി ചെയ്യുന്നതുകൊണ്ടാണ് മൂന്ന് നിലയ്ക്ക് പകരം ഏഴ് നിലയിൽ നിർമ്മിക്കുന്നതെന്നും 500 സ്ക്വയർ ഫീറ്റുള്ള ഫ്ലാറ്റാണ് നിർമ്മിക്കുന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ ഭവന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നിർമ്മിച്ച ഏഴ് നിലയുള്ള കെട്ടിടങ്ങളിൽ രണ്ട് മാസം കഴിഞ്ഞപ്പോൾ ലിഫ്റ്റ് തകരാറിലായി അറ്റകുറ്റപ്പണികൾ നടത്താൻ പറ്റാത്ത അവസ്ഥയുണ്ടായതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

400 സ്ക്വയർ ഫീറ്റുള്ള വീട് സ്വന്തം പണം മുടക്കി പണി തുടങ്ങിയാലും അവസാന ഗഡു കൊടുത്ത് പണി പൂർത്തീകരിച്ചു കൊടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു. നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വാസയോഗ്യമല്ലാത്ത വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ധനസഹായമാണെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത പദ്ധതിയിൽ എം.എൻ. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ടവീടുകളെ ഒറ്റവീടുകളാക്കാൻ കഴിയില്ലേ എന്ന് ആരാഞ്ഞു. ഇക്കാര്യങ്ങളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനദണ്ഡപ്രകാരം ചെയ്യാൻ കഴിയുന്നതാണെന്നും അവരുടെ പ്ലാൻ ഫണ്ട് ഇതിലേയ്ക്ക് വിനിയോഗിക്കുമ്പോഴുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ മാത്രമേ വരികയുള്ളൂവെന്നും ഇക്കാര്യം ലൈഫ് മിഷനിൽ ചെയ്യാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് പ്ലാൻ ഫണ്ട് വെയ്ക്കാനുള്ള അനുവാദം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ടെന്നും, ബഡ്ജറ്റിൽ ഇതിനായി തുക മാറ്റിവയ്ക്കുകയും ലോട്ടറി നടത്തുകയും ചെയ്തതായും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ഹൗസിംഗ് ബോർഡാണ് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരുന്നത്. ഹൗസിംഗ് ബോർഡ് ഇത്തരം കാര്യങ്ങൾ പൂർണ്ണതോതിൽ പൂർത്തിയാക്കിയതായി അറിവില്ലെന്നും അദ്ദേഹം അറിയിച്ചു. പ്രസ്തുത പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും ചില ജില്ലകളിൽ പഴയ ലക്ഷംവീട് പദ്ധതിയിൽ വാസയോഗ്യമല്ലാതായ, പൊളിഞ്ഞ വീടുകളുള്ള സ്ഥലങ്ങളുണ്ടെന്നും അവരെയും, ആ പഞ്ചായത്തിലെ ഭൂമിയും വീടുമില്ലാത്ത മറ്റ്

ആളുകളെയും ചേർത്തുകൊണ്ട് അവിടെ അപ്പാർട്ട്മെന്റുകൾ പണിയാനുള്ള പ്രൊപ്പോസൽ ഉണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

സമിതിയുടെ അടുത്ത യോഗം 2019 ഒക്ടോബർ 1-ാം തീയതി തിരുവനന്തപുരത്ത് ചേരുവാൻ തീരുമാനിച്ചു

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് അവസാനിച്ചു.

## 1-10-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും_സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ഒരു യോഗം 2019 ഒക്ടോബർ മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ '604-ാം' നമ്പർ സമ്മേളനഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. പി. ഉബൈദുള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്.
2. ശ്രീ. എൻ. പത്മകുമാർ, ഗ്രാമവികസന കമ്മീഷണർ
3. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീമതി കെ. എസ്. സുധ, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
5. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
6. ശ്രീ. രാജീവ് കരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
7. ശ്രീ. അലക്സ് ടി. ജോസഫ്, ചീഫ് പ്ലാനർ, ഹൗസിംഗ് കമ്മീഷണറേറ്റ്.

സമിതി, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ചു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 48-ലെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.ആർ.ബി) വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തു.

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

**(1) ഭവന നിർമ്മാണ വകുപ്പ്**

<u>ഖണ്ഡിക 1</u>

സമിതി ശിപാർശ ചെയ്ത തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും അധിക തുക ആവശ്യപ്പെട്ടതെന്തിനെന്ന് സമിതി ആരാഞ്ഞു. 2018-19 സാമ്പത്തിക വർഷത്തിൽ ഡി.എ. വർദ്ധനവുണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് അധിക തുക ആവശ്യപ്പെട്ടതെന്നും എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലാണ് ഡി.എ. വർദ്ധനവുണ്ടായതെന്നും അതിനാലാണ് സമിതി ശിപാർശ ചെയ്ത തുക പൂർണ്ണമായും ചെലവഴിക്കാൻ കഴയാതിരുന്നതെന്നും ഹൗസിംഗ് കമ്മീഷണറേറ്റിലെ ചീഫ് പ്ലാനർ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് അധികാരപ്പെട്ട ഉദ്യോഗസ്ഥരോട് ശരിയായ വിശദീകരണം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 2, 6 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2) സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 18, 19 എന്നിവയിന്മേൽ വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിച്ചു. " സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം 2018-19 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചില്ല" എന്ന സഹകരണ വകുപ്പിന്റെ മറുപടിയിൽ "സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി" എന്ന പ്രയോഗത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത മറുപടി ധനകാര്യ വകുപ്പ് നല്കിയതാണോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(യോഗം രാവിലെ 11.30-ന് പിരിഞ്ഞു.)

## 29-10-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2019 ഒക്ടോബർ മാസം 29-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി.വി. അൻവർ
5. ശ്രീ. കെ. ബാബു
6. ശ്രീ. കെ.എസ്. ശബരീനാഥൻ
7. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. രാജു. കെ.എ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി.എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി.കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. വിജയകുമാർ. ടി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.50-ന് അവസാനിച്ചു.

## 5-11-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2019 നവംബർ 5-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം, ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനിൽ അക്കര
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. കെ. ബാബു
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. ഇ. കെ. വിജയൻ
8. ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി.കെ.ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്.
3. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സബ്ജക്ട് കമ്മിറ്റി IX-ലെ അംഗമായിരുന്ന ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. സമിതിയിൽ നിന്നും 4-11-2019-ൽ രാജിവച്ച ഒഴിവിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ശ്രീ. ടി.ജെ. വിനോദ് എം.എൽ.എ.യെ ചെയർമാൻ സമിതി യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി.ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

(യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു)

## 11-11-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2019 നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനം കഴിഞ്ഞശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ, പ്രത്യേക ക്ഷണിതാവായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രിയും, താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിന്മേലുള്ള കരട് ചട്ടം എന്നിവ സമിതി പരിഗണിച്ചു.

1. **കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിബിൽ**

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ബില്ലിലെ 2-ാം ഖണ്ഡത്തിൽ,-

(i) (എ) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,

അതായത് :-

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 10-ാം വകുപ്പ് 3-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡം പ്രകാരം നിയമിതനാകുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ii) (ജെ), (ക്യൂ) എന്നീ ഇനങ്ങൾ ഒഴിവാക്കേണ്ടതാണ് ;

(iii) നിലവിലുള്ള (ബി), (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്), (ഐ), (കെ), (എൽ), (എം), (എൻ), (ഒ), (പി), (ആർ) എന്നീ ഇനങ്ങൾ യഥാക്രമം (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്), (ഐ), (ജെ) (കെ), (എൽ), (എം), (എൻ), (ഒ), (പി), (ക്യൂ) എന്ന് പുനരക്ഷരം ചെയ്യേണ്ടതാണ്.

<u>4-ാം ഖണ്ഡം</u>

ബില്ലിലെ 4-ാം ഖണ്ഡത്തിൽ "തപാൽ വകുപ്പിന് നൽകേണ്ട" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

<u>5-ാം ഖണ്ഡം</u>

ബില്ലിലെ 5-ാം ഖണ്ഡത്തിൽ,-

(i) (3)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

" (4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ,

പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്."

(ii) നിലവിലുള്ള ഉപഖണ്ഡം (4), ഉപഖണ്ഡം (5) ആയി പുനരക്കം ചെയ്യേണ്ടതാണ്.

<u>10-ാം ഖണ്ഡം</u>

ബില്ലിലെ 10-ാം ഖണ്ഡം (3)-ാം <u>ഖണ്ഡം</u> ഉപഖണ്ഡത്തിൽ,

(i) (ii)-ാം ഇനത്തിൽ "നാല്" എന്ന വാക്കിന് പകരം "ആറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (iii)-ാം ഇനത്തിൽ "നാല്" എന്ന വാക്കിന് പകരം "ആറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>15-ാം ഖണ്ഡം</u>

(i) ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "ഒരു ഓഫീസ് അറ്റൻഡന്റിനെയും" എന്ന വാക്കുകൾക്ക് ശേഷം "ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും " എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

**II. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിന്മേലുള്ള കരട് ചട്ടം**

കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.)

<u>22-1-2020-ലെ യോഗനടപടിക്കുറിപ്പ്</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2020 ജനുവരി മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി

ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. അനിൽ അക്കര
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ഇ. കെ. വിജയൻ
4. ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു കെ.എ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സുരേഷ് കുമാർ ജി. എസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അനിൽകുമാർ ബി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
5. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
6. ശ്രീ. എ. അലക്സാണ്ടർ, ഹൗസിംഗ് കമ്മീഷണർ
7. ഡോ. ദിവ്യ എസ്. അയ്യർ, മാനേജിംഗ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
8. ശ്രീ. എസ്. ശ്യാംസുന്ദർ, മാനേജിംഗ് ഡയറക്ടർ, കെ.പി.എച്ച്.സി.സി.
9. ശ്രീ. കെ.വി. മുരളീധരൻ, സ്പെഷ്യൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
10. ശ്രീ. വിജയകുമാർ റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
11. ശ്രീ. രാഹുൽ നായർ, എ.ഐ.ജി., പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
12. ശ്രീ. സുജിത് ദാസ്, എ.എ.ഐ.ജി., പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

13. ശ്രീമതി സുധ കെ.എസ്., അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

14. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

15. ഡോ. ഒ. സെറീന, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

16. ശ്രീ. മുഹമ്മദ് ഹനീഫ എം. എം., ഡെപ്യൂട്ടി സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്

17. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

18. ശ്രീമതി എസ്. ജോസ്നാമോൾ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

19. ശ്രീ. ബി. കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്

20. ശ്രീ. സി. വി. സാജൻ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

21. ശ്രീ. രാജൻ എം. വി., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും സർക്കാരിൽനിന്നും ഇനിയും ലഭ്യമാകാത്ത ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടുകയും അവ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I കരട് ചട്ടങ്ങൾ

ചുവടെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(1) 2019-ലെ കേരള നഗര-ഗ്രാമാസൂത്രണ വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും ചട്ടങ്ങൾ.

(ഫയൽ നമ്പർ 2010/സബ്.സി.ഡി1/16/നി.സെ.)

(2) 2019-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ.

(ഫയൽ നമ്പർ 930/സബ്.സി.ഡി1/15/നി.സെ.)

(3) 2019-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഭേദഗതി ചട്ടങ്ങൾ.

(ഫയൽ നമ്പർ 2557/സബ്.സി.ഡി1/18/നി.സെ.)

## II എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ

ചുവടെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതി പരിഗണിക്കുകയും സമിതിയുടെ പരിഗണനയ്ക്കായി എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ ലഭ്യമാക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റുകളുടെ പ്രസക്തഭാഗങ്ങൾകൂടി നൽകണമെന്ന നിർദ്ദേശത്തോടെ സാധൂകരണം നൽകുകയും ചെയ്തു.

(1) 2017-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 674/2017)

(ഫയൽ നമ്പർ 5611/സബ്.സി.ഡി1/18/നി.സെ.)

(2) 2017-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 675/2017)

(ഫയൽ നമ്പർ 5612/സബ്.സി.ഡി1/18/നി.സെ.)

## III വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

2018-19 സാമ്പത്തിക വർഷം പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 84/സബ്.സി.ഡി1/2019/നി.സെ.)

## IV സമിതി റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(1) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ഭവന നിർമ്മാണ 'എ' വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 3,4,5 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1253/സബ്.സി.ഡി1/2018/നി.സെ.)

(2) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 3-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3275/സബ്.സി.ഡി1/2019/നി.സെ.)

(3) സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ വിനോദ സഞ്ചാരം (സി) വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 17, 18 ആഭ്യന്തര (ജി) വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 32 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1663/സബ്.സി.ഡി1/2018/നി.സെ.)

## V സർക്കാരിൽനിന്നും ഇനിയും ലഭ്യമാകാത്ത ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ

(1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 19, 20 എന്നിവ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണെന്നും ആയതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് മാറുന്നത് സംബന്ധിച്ച് പ്രശ്നമുണ്ടായിരുന്നെന്നും പ്രസ്തുത ഫയൽ പ്രോസസിംഗിലാണെന്നും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

(ഫയൽ നമ്പർ 3155/സബ്.സി.ഡി1/2014/നി.സെ.)

(2) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തത് പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 5 ആണെന്ന് നിരീക്ഷിച്ച സമിതി, അടുത്ത യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകണമെന്ന് നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 3337/സബ്.സി.ഡി1/2015/നി.സെ.)

(3) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട 36 മുതൽ 40 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ആയതിൽ പ്രതിപാദിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടറേറ്റാണ് മറുപടി നൽകേണ്ടതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

(ഫയൽ നമ്പർ 5488/സബ്.സി.ഡി1/2016/നി.സെ.)

(4) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 72-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് നൽകാൻ വൈകുന്നത് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാരണമാണെന്നും പ്രസ്തുത റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതാണെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

(ഫയൽ നമ്പർ 5488/സബ്.സി.ഡി1/2016/നി.സെ.)

(5) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 73-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ യോഗ തീയതിയിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും എന്നാൽ കാലതാമസ പത്രിക ലഭ്യമാക്കിയിട്ടില്ലെന്നും നിയമസഭാ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഖണ്ഡിക 73 ഭവന നിർമ്മാണ വകുപ്പിന്റെ ഡിമാന്റായ XXI-ൽ പ്പെട്ടതായതിനാൽ പ്രസ്തുത വകുപ്പല്ലേ മറുപടി നൽകേണ്ടതെന്ന് സമിതി ആരാഞ്ഞു. കാര്യനിർവ്വഹണ വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും റിപ്പോർട്ട് വാങ്ങി നൽകേണ്ടത് ഭവന നിർമ്മാണ വകുപ്പാണെന്നും, എന്നാൽ സബ് ഹെഡ് ഏത് വകുപ്പുമായി ബന്ധപ്പെട്ട് വരുന്നതാണെന്ന് അറിയിച്ചാൽ പ്രസ്തുത വകുപ്പിന് നേരിട്ട് കത്തയയ്ക്കാം എന്നും നിയമസഭാ ജോയിന്റ് സെക്രട്ടറി അറിയിച്ചു. കാര്യനിർവ്വഹണ വകുപ്പ് റിപ്പോർട്ട് അടിയന്തരമായി ഭവനനിർമ്മാണ വകുപ്പിന് നൽകണമെന്നും ഇപ്രകാരം ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയിലുൾപ്പെടുന്ന ബജറ്റ് ശീർഷകങ്ങൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഭവനനിർമ്മാണ വകുപ്പുവഴി നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 5488/സബ്.സി.ഡി1/2016/നി.സെ.)

(6) (i) 2017-18-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ധനാഭ്യർത്ഥന XXI-ഭവനനിർമ്മാണം എന്ന ഡിമാന്റിന് കീഴിൽവരുന്ന ഖണ്ഡിക നമ്പർ 10 മുതൽ 12 വരെയും 16 മുതൽ 20 വരെയും 22, 23, 26 എന്നിവയിലെയും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഖണ്ഡിക 20-ന്മേലുള്ള റിപ്പോർട്ട് യോഗ തീയ്യതിയിൽ ലഭിച്ചിട്ടുണ്ടെന്ന് നിയമസഭാ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ഖണ്ഡികകളിന്മേൽ ഒരു മാസത്തിനുള്ളിൽ നടപടി സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

(ii) തദ്ദേശസ്വയംഭരണ (നഗരവികസനം)വുമായി ബന്ധപ്പെട്ട 28 മുതൽ 44 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുന്നതാണെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

(iii) തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പുമായി ബന്ധപ്പെട്ട 50 മുതൽ 53 വരെയുള്ള ഖണ്ഡികകളിൽ, ഖണ്ഡിക 52, 53 എന്നിവയിന്മേലുള്ള മറുപടി സർക്കാരിൽ ലഭ്യമായിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ശേഷിക്കുന്ന ശിപാർശകളിന്മേലുള്ള മറുപടി ഒരാഴ്ചയ്ക്കുള്ളിൽ നൽകാമെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

(iv) തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 54 മുതൽ 59 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. യോഗ ദിവസമാണ് റിപ്പോർട്ട് ലഭിച്ചതെന്നും ആയത് രണ്ട് ദിവസത്തിനകം സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത റിപ്പോർട്ടുകളോടൊപ്പം കാലതാമസ പത്രിക കൂടി ലഭ്യമാക്കേണ്ടതാണെന്ന് നിയമസഭാ ജോയിന്റ് സെക്രട്ടറി അറിയിച്ചു.

(ഫയൽ നമ്പർ 3134/സബ്.സി.ഡി1/2017/നി.സെ.)

(v) സമിതിക്ക് ലഭ്യമാക്കേണ്ട റിപ്പോർട്ടുകൾ സംബന്ധിച്ച വിഷയം ഗൗരവപൂർവ്വം പരിശോധിക്കപ്പെടുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഇക്കാര്യത്തിൽ വകുപ്പദ്ധ്യക്ഷൻമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

## VI സമിതിക്ക് സമർപ്പിക്കാനുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

(1) 2015-16, 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ചില വകുപ്പുകൾ ലഭ്യമാക്കാനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. റിപ്പോർട്ടുകൾ സമിതിക്ക് നൽകാൻ ഉണ്ടാകുന്ന കാലതാമസം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വകുപ്പദ്ധ്യക്ഷന്മാർ ബഹു. മുഖ്യമന്ത്രിയുടെ പരിപാടിയുമായി ബന്ധപ്പെട്ട് തിരക്കിലായതുകൊണ്ടാണ് കൃത്യസമയത്ത് റിപ്പോർട്ട് നൽകാൻ സാധിക്കാതിരുന്നതെന്നും മുൻ വർഷവും അതിന് മുമ്പുള്ള വർഷവും ട്രഷറി നിയന്ത്രണം മൂലം ബില്ലുകൾ കൃത്യസമയത്ത് മാറികിട്ടിയില്ലെന്നും നടപ്പുവർഷം പദ്ധതിയിനത്തിൽ ക്യൂവിൽപ്പെട്ട ബില്ലിനും സ്പിൽ ഓവർ വർക്കിനും മാത്രമാണ് ഭരണാനുമതി ലഭിച്ചതെന്നും പദ്ധതിനിർവ്വഹണം ഈ വർഷം കുറവായിരിക്കുമെന്നും റിപ്പോർട്ടുകൾ ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

(2) പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, സഹകരണം എന്നീ വകുപ്പുകൾ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (ഡിമാന്റ് XXI) ലഭ്യമാക്കാനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. 2015-16 സാമ്പത്തിക വർഷത്തെ വാർഷിക

പ്രവർത്തന റിപ്പോർട്ട് 18-10-2019-ൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ആഭ്യന്തരം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഒരു മാസത്തിനകം ലഭ്യമാക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

(ഫയൽ നമ്പർ 914/സബ്.സി.ഡി1/2016/നി.സെ.)

(3) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് രണ്ട് ദിവസത്തിനകം ലഭ്യമാക്കാമെന്ന് ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് വാർഷിക പ്രവർത്തന റിപ്പോർട്ട് നൽകിയിട്ടില്ലാത്തതിനാൽ അടുത്ത യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി തെളിവെടുപ്പിന് വിളിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 684/സബ്.സി.ഡി1/2017/നി.സെ.)

(4) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് നൽകാത്തത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചു.

(ഫയൽ നമ്പർ 297/സബ്.സി.ഡി1/18/നി.സെ.)

(5) തദ്ദേശസ്വയംഭരണം, ഭവനനിർമ്മാണം, ആഭ്യന്തരം, പൊതുവിദ്യാഭ്യാസം, സഹകരണം, പൊതുഭരണം (ന്യൂനപക്ഷ ക്ഷേമം) എന്നീ വകുപ്പുകൾ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാനുണ്ടെന്നും സമിതി നിരീക്ഷിച്ചു. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 84/സബ്.സി.ഡി1/2019/നി.സെ.)

## VII സമിതിക്ക് സമർപ്പിക്കാനുള്ള കരട് ചട്ടങ്ങൾ

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്, 2014-ലെ കേരള പഞ്ചായത്ത് രാജ്(ഭേദഗതി) ആക്റ്റ് എന്നിവ എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

(ഫയൽ നമ്പർ 680/സബ്.സി.ഡി1/2013/നി.സെ.)

(ഫയൽ നമ്പർ 1140/സബ്.സി.ഡി1/2015/നി.സെ.)

## VIII പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച് സമർപ്പിക്കാനുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

(1) കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ചിട്ടില്ലെന്നും ബൃഹത്തായ റിപ്പോർട്ടായതിനാൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അധികം സമയം ആവശ്യമുണ്ടെന്നും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(ഫയൽ നമ്പർ 7114/സബ്.സി.ഡി1/2018/നി.സെ.)

(2) <u>സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ശുചിത്വമിഷൻ, ക്ലീൻ കേരള എന്നിവയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉദ്യോഗസ്ഥരെല്ലാം ശുചിത്വമിഷനുമായി ബന്ധപ്പെട്ട എക്സിബിഷന്റെ തിരക്കിലായതിനാൽ റിപ്പോർട്ട് സമർപ്പിക്കാൻ രണ്ടാഴ്ചത്തെ സമയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

(ഫയൽ നമ്പർ 1663/സബ്.സി.ഡി1/2018/നി.സെ.)

IX നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് വകുപ്പുകൾ ലഭ്യമാക്കേണ്ട ആക്ഷൻ ടേക്കൺ റിപ്പോർട്ട്, വാർഷിക പ്രവർത്ത റിപ്പോർട്ട് എന്നിവയുടെ പട്ടിക നിയമസഭാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും അപ്രകാരം ചെയ്യുന്ന പക്ഷം റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ വകുപ്പുകൾ വരുത്തുന്ന കാലതാമസം കുറയ്ക്കാൻ കഴിയുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 3.15-ന് അവസാനിച്ചു.)

<u>6-2-2020-ലെ യോഗനടപടിക്കുറിപ്പ്</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2020 ഫെബ്രുവരി മാസം 6-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.55-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനിൽ അക്കര
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. കെ. ബാബു
7. ശ്രീ. പി. ഉബൈദുള്ള
8. ശ്രീ. ഇ. കെ. വിജയൻ
9. ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
3. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, നഗരകാര്യ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ബില്ലുകളിലെ തത്വപ്രഖ്യാപന വാക്യത്തിൽ 'എഴുപതാം' എന്ന വാക്കിന് പകരം 'എഴുപത്തിയൊന്നാം' എന്ന വാക്ക് ചേർക്കേണ്ടതാണ്.

ബില്ലുകളിന്മേൽ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6.05-ന് പിരിഞ്ഞു.

## 17-2-2020-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ഒരു യോഗം 2020 ഫെബ്രുവരി മാസം 17-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനായ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. അനിൽ അക്കര
2. ശ്രീ. കെ. ബാബു
3. ശ്രീ. ഇ.കെ. വിജയൻ
4. ശ്രീ. ടി.ജെ. വിനോദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. രാജു കെ.എ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സുരേഷ് കുമാർ ജി.എസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അനിൽ കുമാർ ബി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
3. ഡോ. ദിവ്യ എസ്. അയ്യർ, മാനേജിംഗ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
4. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, നഗരകാര്യ വകുപ്പ്

5. ശ്രീ. എം. പി. അജിത് കുമാർ, പഞ്ചായത്ത് ഡയറക്ടർ

6. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്

7. ശ്രീ. യു.വി. ജോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

8. ശ്രീമതി കെ.എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീമതി ഗിരിജ കെ.എസ്, ചീഫ് ടൗൺ പ്ലാനർ

10. ശ്രീമതി ആശ വർഗ്ഗീസ്, ഡയറക്ടർ, കുടുംബശ്രീ

11. ശ്രീ. ജോയി ഇളമൺ, ഡയറക്ടർ, കില

12. ശ്രീ. ഫിലിപ്പ് പി.ഡി, ഡയറക്ടർ, ശുചിത്വമിഷൻ

13. ശ്രീ. രാജൻ എം.വി, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

14. ശ്രീ. സതീന്ദ്രൻ പി.കെ, അസിസ്റ്റന്റ് ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

15. ശ്രീമതി ജോസ്നാമോൾ എസ്., കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ,

ഇൻഫർമേഷൻ കേരള മിഷൻ

സമിതി, 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി XXII(നഗരവികസനം), XXXV(പഞ്ചായത്ത്), XXXVI(ഗ്രാമവികസനം), XLVI(സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും) എന്നീ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ XXII(നഗര വികസനം)

2217-05-051-98—(<u>പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം</u>)

പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട 5 നഗരസഭകൾക്ക് കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ വീതം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-191-77—[<u>ദേശീയ നഗര ഉപജീവന മിഷൻ (60% സി.എസ്.എസ്)</u>]

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 5.612 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-192-74—<u>ജനറൽ (മുനിസിപ്പാലിറ്റി)</u>

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 8.419 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-789-97—<u>എസ്.സി.എസ്.പി. (കോർപ്പറേഷൻ)</u>

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.0524 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-789-96 —<u>എസ്.സി.എസ്.പി. (മുനിസിപ്പാലിറ്റി)</u>

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.5786 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-796-97—<u>ടി.എസ്.പി. (മുനിസിപ്പാലിറ്റി)</u>

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 35.08 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-796-96—<u>ടി.എസ്.പി. (മുനിസിപ്പാലിറ്റി)</u>

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 52.62 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-99-45—<u>(പി.ഒ.എൽ.)</u>

ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-99-05—(ഓഫീസ് ചെലവുകൾ)

2-വൈദ്യുതച്ചെലവ്

വൈദ്യുതി ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം പര്യാപ്ത മല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-95—(കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ)

നിലവിലുള്ള ഡെസ്ക് ടോപ്പുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-92—(നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും)

നിലവിലെ ട്രെയിനിംഗ് ഷെഡ്യൂളിന് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-91—(മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന)

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 550 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-003-96—(പുതുതായി രൂപീകരിച്ച നഗരപാലിക സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നവീകരണം നടപ്പാക്കൽ)

പുതുതായി രൂപീകരിച്ച നഗരസഭകളിലെ അക്കൗണ്ടിംഗ് നവീകരണ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുള്ള അക്കൗണ്ട് ഓഫീസർമാരുടെയും ഐ.ടി ഓഫീസർമാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-76—(അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (സംസ്ഥാന പദ്ധതി))

ക്ഷീരകർഷകർക്കുള്ള പദ്ധതി PMAY-LIF/AUEGS സംയോജനം, IHHL Scheme/ AUEGS സംയോജനം എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുള്ളതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-62—(ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് കെ.യു.ആർ. ഡി.എഫ്.സി. നൽകേണ്ട പലിശയുള്ള സഹായധനം)

നഗരമേഖലയിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെട്ട ലൈഫ് പി.എം.എ.വൈ. (അർബൻ) പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4217-60-051-95—(സമ്പൂർണ്ണ ഭവനപദ്ധതി - നഗരം (ലൈഫ് പാർപ്പിട മിഷൻ))

നഗരമേഖലയിൽ ലൈഫ് മിഷന്റെ മൂന്നാം ഘട്ട പദ്ധതിയായ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 140 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXV-(പഞ്ചായത്ത്)**

2515-00-001-91—(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം-മേൽനോട്ടം)

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗം ഓഫീസുകളിലെ സ്ഥലംമാറ്റ ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2515-00-001-86—(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ)

ഇ-ഗവേർണൻസിന്റെ ഭാഗമായി എഞ്ചിനീയർമാർക്ക് ടാബ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുന്നതിനും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിലേയ്ക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63—<u>(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ) 02-01 (വേജസ്)</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 45,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-44—<u>(മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങൾ)</u>

കൊട്ടാരക്കര വികസന കേന്ദ്രത്തിലെ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനും മറ്റ് വികസന പരിശീലന കേന്ദ്രങ്ങൾക്കുള്ള റിപ്പയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2515-00-800-74—<u>(പ്രധാനമന്ത്രി ഗ്രാമ സഡക് യോജന)</u>

പി.എം.ജി.എസ്.വൈ. III-ന്റെ ആദ്യഘട്ടത്തിലെ പ്രവൃത്തികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 80 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-98(03)—<u>(പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതം)</u>

പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള അധികസംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 27.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-97—<u>(പ്രാദേശികമായ മുൻഗണന പ്രവൃത്തികൾ)</u>

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം മുതൽ സർക്കാർ നിർത്തലാക്കിയിരുന്നതായും എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലും മുൻ വർഷങ്ങളിലും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഇപ്പോഴും ലഭ്യമായികൊണ്ടിരിക്കുന്നതായും സമിതി വിലയിരുത്തി. 2019-20 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തി യിരുന്നില്ലെങ്കിലും അധിക ധനാനുമതി മുഖേന 1,45,31,000 രൂപ അനുവദിച്ച് നൽകിയതായും സമിതി നിരീക്ഷിച്ചു. മേൽ പദ്ധതി പ്രകാരമുള്ള, ഭരണാനുമതി ലഭിച്ച നിരവധി നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനാലും നിലവിൽ വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും മേൽ ശീഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-96—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി</u>

എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXVI (ഗ്രാമവികസനം)**

2501-01-196-48—<u>(കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം)</u>

ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.40 കോടി രൂപയും കേന്ദ്ര വിഹിതമായി 3.6 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) കേന്ദ്രാവിഷ്കൃത പദ്ധതി

2501-06-197-48(10) (ജനറൽ)

2501-06-789-98(10) (എസ്.സി.പി)

2501-06-796-98 (ടി.എസ്.പി.)

പി.എം.എ.വൈ. (ജി) ഭവന പദ്ധതിപ്രകാരം അനുവദിച്ചിട്ടില്ലാത്ത വീടുകൾ ആവാസ് പ്ലസിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 96.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-37—(പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) വാട്ടർഷെഡ് കമ്പോണന്റ്)

അടുത്ത സാമ്പത്തിക വർഷം മുതൽ കേന്ദ്രസർക്കാർ പുതിയ പദ്ധതികൾ അനുവദിക്കുന്നതിനാലും നടപ്പുസാമ്പത്തിക വർഷത്തെ ഒന്നാംഗഡു തുക ഇനിയും ലഭ്യമായിട്ടില്ലാത്തതിനാലും നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 6 കോടി രൂപയും കേന്ദ്രവിഹിതമായി 9 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-35—(നാഷണൽ റർബൻ മിഷൻ ) (എൻ.ആർ.യു.എം)

നാഷണൽ റർബൻ മിഷന്റെ 3 ഘട്ടങ്ങളിലായുള്ള പദ്ധതികൾ 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 105 കോടി രൂപയും സംസ്ഥാന വിഹിതമായി 70 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-30—(ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശക്കുള്ള ധനസഹായം)

ഗ്രാമീണ മേഖലയിൽ ഹഡ്കോയിൽ നിന്ന് അനുവദിച്ചിട്ടുള്ള വായ്പ തുകയുടെ പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-197-36-01—(പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം)

2020-21 സാമ്പത്തിക വർഷത്തിൽ കല്ല്യാശ്ശേരി, പനമരം, കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-48—(കുടുംബശ്രീ)

2016-17- ലെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മൂന്ന് ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്കാണ് 4% പലിശ സബ്സിഡി നൽകിയിരുന്നത്

എന്ന് സമിതി നിരീക്ഷിച്ചു. അർഹരായവർക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ മുഴുവൻ പലിശ സബ്സിഡിയും നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 58 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-102-49—(സമ്പൂർണ്ണ ഭവനപദ്ധതി - ഗ്രാമം (ലൈഫ് പാർപ്പിട മിഷൻ)

2020-21 സാമ്പത്തിക വർഷത്തിൽ ഭൂരഹിത ഭവന രഹിതരിൽ എസ്.സി./ എസ്.ടി, ഫിഷറീസ് വിഭാഗമൊഴികെയുള്ള ഭൂമി അർഹിക്കുന്ന ഭൂരഹിത ഗുണഭോക്താക്കൾക്ക് പുതുതായി വീടുകൾ നൽകുന്നതിന് ഏകദേശം 167 കോടി രൂപയും ഭൂരഹിതർക്കുള്ള ഭവന സമുച്ചയ നിർമ്മാണത്തിന് 613 കോടി രൂപയും ആവശ്യമുള്ളതായി സമിതി നിരീക്ഷിച്ചു. കൂടാതെ ലൈഫ് മിഷൻ ചെലവുകൾക്കായി 11 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ ആവശ്യമാണ്. ആയതിനാൽ പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തിനായി മേൽശീർഷകത്തിൽ 380 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-103-97—(മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) (മെറ്റീരിയൽ ചെലവ്) (90% കേന്ദ്രാവിഷ്കൃത പദ്ധതി)

കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന 2020-21 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് പ്രകാരം സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ആകെ ചെലവിന്റെ 35 ശതമാനം പ്രതീക്ഷിക്കുന്നതായി സമിതി വിലയിരുത്തി. അതിനാൽ മേൽ പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 62.59 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

2235-02-50-92—(ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി)

2235-03-48-99—(ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി)

2235-60-50-99—(അഗതികൾക്കുള്ള പെൻഷൻ)

2235-60-50-98—(കർഷകതൊഴിലാളി പെൻഷൻ)

2235-60-50-96—(സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി)

മേൽപ്പറഞ്ഞ കണക്കിനങ്ങളിൽ പെൻഷൻ തുക നൽകുന്നതിനായി രൂപീകരിച്ച കമ്പനിയുടെ ഹെഡ്ഡിൽ 5474 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഹെഡ്ഡിൽ നിന്നാണ് അതത് ഹെഡ്ഡ് ഓഫ് അക്കൗണ്ടുകളിൽ ടോക്കൺ പ്രൊവിഷൻ വച്ച് കമ്പനിയുടെ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ നിന്നും പണം കൊടുക്കുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പെൻഷൻ നൽകുന്നതിനായി രൂപീകരിച്ച കമ്പനിയുടെ ഹെഡ്ഡിൽ പൊതുവായി തുക വകയിരുത്തുന്നതിനാൽ ഓരോ പെൻഷനും വേണ്ടി പ്രത്യേക തുക വകയിരുത്തുന്നതിന് ശിപാർശ ആവശ്യമില്ലെന്ന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക്ശേഷം 3.40-ന് അവസാനിച്ചു.

<u>19-2-2020-ലെ യോഗനടപടിക്കുറിപ്പ്</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2020 ഫെബ്രുവരി മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ പ്രത്യേക ക്ഷണിതാവായ ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ.ടി ജലീലും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. രാജു കെ.എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സുരേഷ് കുമാർ ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും ഭവനനിർമ്മാണവും വകുപ്പ്.
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുഭരണ(ന്യൂനപക്ഷക്ഷേമ) വകുപ്പ്.
3. ശ്രീ. എ. അലക്സാണ്ടർ, ഐ.ജി., രജിസ്ട്രേഷൻ വകുപ്പ്.
4. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
5. ശ്രീ. പി.വി. ബാബു, അഡീഷണൽ ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്.
6. ശ്രീ. വി. സെൻ, ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
7. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
8. ശ്രീമതി റേച്ചൽ ജോർജ്ജ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് XXI(ഭവനനിർമ്മാണം), XXV(പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) എന്നീ ധനാഭ്യർത്ഥനകൾ സമിതി, പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

### ധനാഭ്യർത്ഥന XXI -ഭവന നിർമ്മാണം

2216-05-053-98-17—(സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്)

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-05-053-97—(സംരക്ഷണവും അറ്റകുറ്റപ്പണികളും)

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 11.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-05-053-95—(തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും)

01- സംരക്ഷണവും അറ്റകുറ്റപ്പണികളും

02- പ്രത്യേക അറ്റകുറ്റപ്പണികൾ

03- വൈദ്യുത സാമഗ്രികളുടെ സംരക്ഷണം.

തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി മേൽ ശീർഷകത്തിൽ 1.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-05-053-94—[നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)]

നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-101-99—(നിർമ്മിതി കേന്ദ്രങ്ങൾ)

നിർമ്മിതി കേന്ദ്രത്തിനു കീഴിൽ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാസർഗോഡ്, തൃശ്ശൂർ ജില്ലകളിൽ പുതിയ കലവറ ആരംഭിക്കുന്നതിനും കെസ്നിക്കിന്റെ ക്യാമ്പസ് നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99-(01)

(01) 36—(സഹായധനം)-ശമ്പളേതരം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-80-201-98—(ഉദ്യോഗസ്ഥകളുടെ പാർപ്പിടം (60% കേന്ദ്ര വിഹിതം))

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-80-201-96—(കടകംപള്ളി റവന്യ ടവർ പദ്ധതി)

കടകംപള്ളി റവന്യ ടവർ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതായി സമിതി നിരീക്ഷിച്ചു. നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-700-85—(റവന്യ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്)

റവന്യ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിൽ ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXV- പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-001-99-97—(വാഹനങ്ങളുടെ വാടക)

പ്രതിമാസ വാഹന വാടക നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-001-99-17—(ചെറുകിട മരാമത്ത് പണികൾ)

പത്തനംതിട്ട, കോഴിക്കോട് കോച്ചിംഗ് സെന്ററുകളുടെ പണികൾക്കായി മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-001-99-06—(വാടക, കരം, നികുതി)

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുതിയ ഏഴ് കോച്ചിംഗ് സെന്ററുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-02—<u>വേതനം 4 കൺസോളിഡേറ്റഡ് പേ</u>

ഡയറക്ടറേറ്റിലെയും കോച്ചിംഗ് സെന്ററുകളിലെയും കരാർ ജീവനക്കാർക്ക് ശമ്പളം അനുവദിക്കുന്നതിന് കൺസോളിഡേറ്റഡ് പേ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.07 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-91-36—<u>(ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം)</u>

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 95.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-92-34—<u>മറ്റ് ചെലവുകൾ</u>

23 സെന്ററുകളിലെയും 29 സബ്സെന്ററുകളിലെയും ഓണറേറിയം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-91—<u>(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ) 31 (സഹായധനം-ശമ്പളം)</u>

ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ/ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 68.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-04-102-99—<u>(ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം)</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-283-89—<u>(ഭവനരഹിതർക്ക് ഭവനം)</u>

2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ

കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ നിർമ്മാണം, വകുപ്പ് മുഖേനയുള്ള ഭവന പുനരുദ്ധാരണം എന്നിവയ്ക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 81.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര സഹായപദ്ധതികൾ സമിതി പരിശോധിക്കുകയുണ്ടായി. വിവിധ പദ്ധതികൾക്കായി ആവശ്യാധിഷ്ഠിതമായി അർഹമായ സഹായം യഥാസമയം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ന്യൂനപക്ഷക്ഷേമത്തിനായുള്ള വിവിധ പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. ഇക്കാര്യം സമിതി റിപ്പോർട്ടിൽ പൊതുശിപാർശയായി ഉൾപ്പെടുത്തുവാനും സമിതി തീരുമാനിച്ചു.

(യോഗം രാവിലെ 11.50-ന് അവസാനിച്ചു.)

## 26-2-2020-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2020 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ബാബു
2. ശ്രീ. പി. ഉബൈദുള്ള
3. ശ്രീ. ഇ.കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു കെ.എ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സുരേഷ് കുമാർ. ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXI - ഭവന നിർമ്മാണം**

ഖണ്ഡിക 1 മുതൽ 9 വരെയുള്ളവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു

**ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം**

ഖണ്ഡിക 10 മുതൽ 22 വരെയുള്ള ശിപാർശകൾ സമിതി അംഗീകരിച്ചു.

2217-80-800-76—(അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി) (സംസ്ഥാന പദ്ധതി)

23-ാം നമ്പർ ശിപാർശ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

'ക്ഷീരകർഷകർക്കുള്ള പദ്ധതി PMAY-LIF/AUEGS സംയോജനം, IHHL Scheme/ AUEGS സംയോജനം എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു'.

ഖണ്ഡിക നമ്പർ 24, 25 എന്നിവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXV - (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം)**

ഖണ്ഡിക 26 മുതൽ 34 വരെയുള്ളവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 35

35-ാം നമ്പർ ശിപാർശയിലെ അവസാനത്തെ വരിയിലെ "ലഭ്യമാക്കുന്ന കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്നത് "ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാൻ സമിതി ശിപാർശ ചെയ്യുന്നു" എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXV- പഞ്ചായത്ത്**

ഖണ്ഡിക നമ്പർ 36 മുതൽ 43 വരെയുള്ളവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXVI -ഗ്രാമവികസനം**

ഖണ്ഡിക 44 മുതൽ 52 വരെയുള്ളവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു.

(യോഗം രാവിലെ 11.25-ന് അവസാനിച്ചു.)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.